19
2025
സെപ്റ്റംബർ
വെള്ളി
കന്നി 3

NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 234 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-234 | പേജ് 4. വില 2.00 രൂപ




02 തീരമേഖലയുടെ സാധ്യതകളിൽ മതിപ്പ് പ്രകടിപ്പിച്ച് പ്രതിനിധികൾ
03 ഹൈഡ്രജൻ ബോംബ് വരുന്നതേയുള്ളൂ: രാഹുൽ ഗാന്ധി
04 പാൽ വില വർധിപ്പിക്കും: മന്ത്രി ജെ. ചിഞ്ചുറാണി

### നവീകരണത്തിനും പ്രതിരോധത്തിനും വളർച്ചയ്ക്കും

# കേരളം എപ്പോഴും സമുദ്രങ്ങളെയാണ് ഉറ്റുനോക്കിയിട്ടുള്ളത്: മുഖ്യമന്ത്രി



തിരുവനന്തപുരം: നിലനിൽപ്പിന് വേണ്ടി മാത്രമല്ല, നവീകരണത്തിനും പ്രതിരോധത്തിനും വളർച്ചയ്ക്കും കേരളം എപ്പോഴും സമുദ്രങ്ങളെയാണ് ഉറ്റുനോക്കിയിട്ടുള്ളതെന്ന് കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിനു മുന്നോടിയായുള്ള സംയുക്ത പ്രസ്താവനയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നീല സമ്പദ്‌വ്യവസ്ഥ വഴി ഇന്ത്യ-യൂറോപ്പ് സഹകരണത്തിന് കേരളം പാലമായി മാറുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം വ്യക്തമാക്കി.ഇന്ത്യയുമായുള്ള സഹകരണം വിവിധ മേഖലകളിൽ വ്യാപിച്ചു കിടക്കുന്നതാണെന്ന് യൂറോപ്യൻ പ്രതിനിധി സംഘത്തെ നയിക്കുന്ന ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ പറഞ്ഞു. രാജ്യത്താകമാനം സാധ്യമായ സഹകരണത്തിനും നിക്ഷേപത്തിനുമുള്ള വഴികൾ കണ്ടെത്താൻ ലക്ഷ്യമിടുന്നുണ്ട്.

സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ, തീരദേശ പ്രതിരോധം, സുസ്ഥിരത, ഉയർന്ന നൈപുണ്യം, വെൽനെസ്, ടൂറിസം തുടങ്ങിയ രംഗത്തെല്ലാം അനന്തമായ സാധ്യതകളുള്ള കേരളം യൂറോപ്യൻ പങ്കാളികൾക്ക് നിരവധി അവസരങ്ങൾ പ്രദാനം ചെയ്യുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്ഥിരതയാർന്ന മത്സ്യബന്ധനം, മത്സ്യകൃഷി, സമുദ്രപരിപാലനം എന്നിവയിൽ സംസ്ഥാനത്തിനുള്ള അർപ്പണ മനോഭാവമാണ് ഈ കോൺക്ലേവ് തെളിയിക്കുന്നതെന്ന് ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ പറഞ്ഞു. യൂറോപ്യൻ യൂണിയനും കേന്ദ്ര സർക്കാരും സഹകരിച്ച് പ്രവർത്തിക്കുന്നതിലൂടെ കേരളത്തിലെ തീരദേശ സമൂഹങ്ങൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സമുദ്ര പരിസ്ഥിതിയുടെ ദീർഘകാല ആരോഗ്യം ഉറപ്പാക്കുന്നതിനും സാധിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന ബ്ലൂ ടൈഡ്സ്: കേരള-യൂറോപ്യൻ ക്ലോൺക്ലേവ് കോവളം ലീല റാവിസിലാണ് നടക്കുന്നത്. സമുദ്രാധിഷ്ഠിത വികസനത്തിനും സ്ഥിരതയാർന്ന സാമ്പത്തിക വളർച്ചയ്ക്കും ഇന്ത്യ-യൂറോപ്യൻ സഹകരണത്തിന് നിർണായമാകുന്ന ഉച്ചകോടി രാജ്യത്ത് ആദ്യമായാണ് സംഘടിപ്പിക്കുന്നത്. സമ്മേളനത്തിൽ 17 യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്. സമുദ്രാധിഷ്ഠിത മേഖലയിൽ മികച്ച സഹകരണം സാധ്യമാക്കുന്നത് സംബന്ധിച്ച ആശയങ്ങളും നിർദേശങ്ങളുമാണ് ചർച്ച ചെയ്യുന്നത്.

## തിരുവനന്തപുരം മെഡിക്കൽ കോളജ് സൂപ്രണ്ട് രാജിവച്ചു

തിരുവനന്തപുരം : മെഡിക്കൽ കോളജിൽ ഉപകരണങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ശസ്ത്രക്രിയകൾ മുടങ്ങുന്നുവെന്നു പരാതികൾ ഉയരുന്നതിനിടെ, സൂപ്രണ്ട് ഡോ. സുനിൽകുമാർ രാജിവച്ചു. സൂപ്രണ്ട് സ്ഥാനത്ത് നിന്നു തന്നെ മാറ്റണമെന്ന് ആവശ്യപ്പെട്ട് ഡോ. സുനിൽകുമാർ പ്രിൻസിപ്പലിനു കത്തു നൽകിയിരുന്നു.

ന്യൂറോ വിഭാഗത്തിലെ ഡോക്ടറായ തനിക്ക് ജോലിയിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ലെന്നും സൂപ്രണ്ട് ചുമതലയിൽനിന്ന് ഒഴിവാക്കണമെന്നുമായിരുന്നു ആവശ്യം. എന്നാൽ കഴിഞ്ഞ കുറേ നാളായി തിരുവനന്തപുരം മെഡിക്കൽ കോളജുമായി ബന്ധപ്പെട്ട് ഉയരുന്ന വിവാദങ്ങളുടെ പശ്ചാത്തലത്തിലാണ് സ്ഥാനമാറ്റത്തിനു ശ്രമിക്കുന്നതെന്നും സൂചനകൾ വന്നിരുന്നു. ഉപകരണങ്ങളും മരുന്നും വാങ്ങിയ വകയിൽ ലക്ഷക്കണക്കിനു രൂപയാണ് കരാറുകാർക്കു കൊടുക്കാനുള്ളത്. കമ്പനികൾ ഉപകരണങ്ങളുടെ വിതരണം നിർത്തിയതോടെ വിവിധ വിഭാഗങ്ങളിലെ ശസ്ത്രക്രിയകൾ മുടങ്ങുന്ന നിലയാണുള്ളത്.

ഉപകരണങ്ങൾ വാങ്ങാൻ രോഗികളിൽനിന്നു പണം പിരിക്കരുതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് നിയമസഭയിൽ പറഞ്ഞതിനു പിന്നാലെ യൂറോളജി വിഭാഗത്തിൽ ചില ശസ്ത്രക്രിയകൾ നിർത്തിവച്ചിരിന്നു. ഹൃദയശസ്ത്രക്രിയകളുടെ എണ്ണവും കുറച്ചിട്ടുണ്ട്.

അടിയന്തര ശസ്ത്രക്രിയ ആവശ്യമില്ലാത്തവർക്കു മരുന്നു നൽകിയശേഷം നിശ്ചിത കാലാവധിക്കുള്ളിൽ എത്തണമെന്ന നിർദേശത്തോടെ മടക്കി അയയ്ക്കുകയാണ്.

## മണ്ണാർക്കാട്ട് കുടുംബവഴക്കിനിടെ യുവതിയെ കൊലപ്പെടുത്തിയ ഭർത്താവ് കസ്റ്റഡിയിൽ

പാലക്കാട്: മണ്ണാർക്കാട് എലുമ്പുലാശേരിയിൽ കുടുംബ വഴക്കിനിടെ യുവതിയെ കൊലപ്പെടുത്തി ഭർത്താവ്. കോട്ടയം സ്വദേശിയായ അഞ്ജു മോൾ (24) ആണ് മരിച്ചത്. ഭർത്താവ് വാക്കടപ്പുറം സ്വദേശി ആച്ചിരി വീട്ടിൽ യോഗേഷിനെ പോലീസ് കസ്റ്റഡിയിലെടുത്തു. എലമ്പുലാശേരി വാക്കടപ്പുറത്ത് രാത്രി 12 ഓടെയാണ് സംഭവം. വഴക്കിനിടെ യോഗേഷ് അഞ്ജുവിന്റെ കഴുത്തിൽ പിടിച്ചു തള്ളുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. കല്ലുവെട്ടു കുഴിയിലേക്ക് വീണാണ് അഞ്ജുവിന്റെ മരണം. ഇവർക്ക് ഒരു വയസുള്ള ആൺകുട്ടിയുണ്ട്.

## കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവ് ഇന്ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ബ്ലൂ ടൈഡ്സ്: കേരള-യൂറോപ്യൻ യൂണിയൻ ദ്വിദിന കോൺക്ലേവ് ഇന്ന് (സെപ്റ്റംബർ 19) രാവിലെ 9.30 ന് കോവളം ദി ലീല റാവിസിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 'രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിൽ നടക്കുന്ന സമ്മേളനം സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയിലൂടെയുള്ള സുസ്ഥിര വികസനവും തീരമേഖലയുടെ സമഗ്ര സമ്പദ്‌വ്യവസ്ഥയിലെ പങ്കാളിത്തവുമാണ് ലക്ഷ്യമിടുന്നത്.

ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിക്കും. ഇന്ത്യയിലെയും ഭൂട്ടാനിലെയും യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ മുഖ്യപ്രഭാഷണം നടത്തും. കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീര വികസന സഹമന്ത്രി ജോർജ് കുര്യൻ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും.യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർക്ക് പുറമേ സംസ്ഥാന മന്ത്രിമാരായ കെ.രാജൻ, കെ.കൃഷ്ണൻകുട്ടി, വി.ശിവൻകുട്ടി, കെ.എൻ ബാലഗോപാൽ, പി.രാജീവ്, വി.എൻ വാസവൻ, പി.എ മുഹമ്മദ് റിയാസ്, ജി.ആർ അനിൽ, എം.ബി രാജേഷ്, ഡോ.ആർ ബിന്ദു, വീണ ജോർജ്, പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, ഡോ. ശശി തരൂർ എംപി, എം. വിൻസെൻറ് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, കേന്ദ്ര വിദേശകാര്യ മന്ത്രാലയം സെക്രട്ടറി (പശ്ചിമ) സിബി ജോർജ്, ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.എ യൂസഫലി എന്നിവരും ഉദ്ഘാടന ചടങ്ങിൽ വിശിഷ്ടാതിഥികളായിരിക്കും.

സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ.ജയതിലക് സ്വാഗതവും സംസ്ഥാന ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അബ്ദുൾ നാസർ ബി നന്ദിയും രേഖപ്പെടുത്തും.

സമ്മേളനത്തിൽ നീല സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ഇന്ത്യയിലെയും യൂറോപ്പിലെയും വിദഗ്ധർ ചിന്തകൾ പങ്കുവെക്കുകയും പങ്കാളിത്തം സ്ഥാപിക്കുകയും ചെയ്യും. മറൈൻ ലോജിസ്റ്റിക്സ്, അക്വാകൾച്ചർ, സമുദ്ര മത്സ്യബന്ധനം, തീരദേശ ടൂറിസം, പുനരുപയോഗ സമുദ്രോർജ്ജം ഹരിത സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിലെ കേരള-യൂറോപ്യൻ യൂണിയൻ പങ്കാളിത്തവും നൈപുണ്യ വികസനം, അക്കാദമിക് സഹകരണം, തൊഴിൽസാധ്യത, നയ നവീകരണം, സംയുക്ത ഗവേഷണ-വികസനം, സ്റ്റാർട്ടപ്പ് നവീകരണം എന്നിവയിലെ സംയുക്ത സംരംഭങ്ങളും സമ്മേളനം ചർച്ച ചെയ്യും.

തീരദേശ വികസനവും കാലാവസ്ഥാ പ്രതിരോധ അടിസ്ഥാന സൗകര്യങ്ങളും, ഹാർബർ അടിസ്ഥാന സൗകര്യങ്ങളും തുറമുഖ ലോജിസ്റ്റിക്സ് ഷിപ്പിംഗ് കണക്റ്റിവിറ്റി നിക്ഷേപങ്ങളും, സുസ്ഥിര മത്സ്യബന്ധനം-അക്വാകൾച്ചർ മാനേജ്മെൻറ്-ഗവേഷണം- നിക്ഷേപങ്ങൾ, ഗ്രീൻ ട്രാൻസിഷൻ: സർക്കുലർ ഇക്കണോമി, റിന്യൂവബിൾ/ക്ലീൻ എനർജി ആൻഡ് ഇൻവെസ്റ്റ്മെൻറ്സ്, എജ്യുക്കേഷൻ-സ്കിൽസ് ആൻഡ് ടാലൻറ് മൊബിലിറ്റി, തീരദേശ ടൂറിസവും വെൽനസും (ആയുഷ്) എന്നീ വിഷയങ്ങളിൽ പാനൽ സെഷനുകൾ നടക്കും.

### എസ്എപി ക്യാമ്പിൽ പോലീസ് ട്രെയ്നി മരിച്ച നിലയിൽ

തിരുവനന്തപുരം: പേരൂർക്കട എസ്എപി ക്യാമ്പിൽ പോലീസ് ട്രെയ്നിയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. വിതുര മീനാങ്കൽ സ്വദേശി ആനന്ദാണ് മരിച്ചത്. കഴിഞ്ഞ ദിവസം ആനന്ദ് കൈ ഞരമ്പ് മുറിച്ചിരുന്നു. തുടർന്ന് ചികിത്സക്കു ശേഷം ക്യാമ്പിൽ വിശ്രമിക്കുകയായിരുന്നു. വ്യാഴാഴ്ച രാവിലെ ബാത്ത് റൂമിലാണ് മൃതദേഹം കണ്ടെത്തിയത്. ബി കമ്പനി പ്ലാറ്റൂൺ ലീഡറായിരുന്നു ആനന്ദ്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് കൈമാറും. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

## യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡൻറിനെതിരെ പോസ്റ്റർ

കണ്ണൂർ: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ പിന്തുണച്ച യൂത്ത് കോൺഗ്രസ് കണ്ണൂർ ജില്ലാ പ്രസിഡൻറ് വിജിൽ മോഹനനെതിരെ പോസ്റ്റർ. ശ്രീകണ്ഠപുരം പൊടിക്കളത്താണു പോസ്റ്റർ പ്രത്യക്ഷപ്പെട്ടത്. 'പീഡന വീരനെ താങ്ങുന്നവനെ സൂക്ഷിക്കുക, യൂത്ത് കോൺഗ്രസ് കോഴികളുണ്ട്' തുടങ്ങിയ വാചകങ്ങളെഴുതിയ പോസ്റ്ററുകളാണ് പ്രത്യക്ഷപ്പെട്ടത്.

ശ്രീകണ്ഠപുരം നഗരസഭാ കൗൺസിലർ കൂടിയാണ് വിജിൽ മോഹനൻ. രാഹുൽ മാങ്കൂട്ടത്തിലിനെ പാർട്ടിയിൽ തിരിച്ചെടുക്കണമെന്ന് വിജിൽ ആവശ്യപ്പെട്ടിരുന്നു. നേർക്കുനേർ ഏറ്റുമുട്ടാൻ ശേഷിയില്ലാത്ത ഡിവൈഎഫ്ഐക്കാരാണു പോസ്റ്ററിന് പിന്നിലെന്ന് വിജിൽ പറഞ്ഞു.

സിപിഎമ്മിന്റെ കുത്തക വാർഡിൽ ജയിച്ചത് മുതൽ ഡിവൈഎഫ്ഐ പ്രവർത്തകർ തനിക്കെതിരെ വ്യാജപ്രചാരണങ്ങൾ അഴിച്ചുവിടുകയാണെന്ന് അദ്ദേഹം പറഞ്ഞു. രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ നിയമസഭയിലേക്ക് അനുഗമിച്ചതിൽ വിമർശനം നേരിടുന്ന യൂത്ത് കോൺഗ്രസ് തിരുവനന്തപുരം ജില്ലാ അധ്യക്ഷൻ നേമം ഷജീറിനെ പിന്തുണച്ച് വിജിൽ മോഹനൻ രംഗത്തെത്തിയിരുന്നു.

### പോലീസ് മർദനം: കെഎസ്‌യുവിന്റെ നിയമസഭാ മാർച്ചിൽ സംഘർഷം; ജലപീരങ്കി പ്രയോഗിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ പോലീസ് മർദനങ്ങളിൽ പ്രതിഷേധിച്ച് നിയമസഭയിലേക്ക് കെഎസ്‌യു പ്രവർത്തകർ നടത്തിയ മാർച്ചിൽ സംഘർഷം. പോലീസിന് നേരെ പ്രവർത്തകർ കമ്പും കല്ലു മെറിഞ്ഞതോടെ പ്രതിഷേധക്കാർക്കു നേരെ 17 തവണ ജലപീരങ്കി പ്രയോഗിച്ചു. കെഎസ്‌യു സംസ്ഥാന പ്രസിഡൻറ് അലോഷ്യസ് സേവ്യറിന്റെ നേതൃത്വത്തിലായിരുന്നു പ്രതിഷേധ മാർച്ച്.

## പോലീസ് നടപടി കോടതി നിർദേശ പ്രകാരം; എ. കെ. ആൻറണിയെ പിന്തുണച്ച് ശിവഗിരി മഠാധിപതി

തിരുവനന്തപുരം: കോടതി നിർദേശ പ്രകാരമാണ് 1995 ൽ ശിവഗിരിയിൽ പോലീസ് നടപടിയുണ്ടായതെന്നും അത് അനിവാര്യമായിരുന്നെന്നും മഠാധിപതി സ്വാമി സച്ചിദാനന്ദ. അന്നത്തെ സർക്കാർ ശിവഗിരിയെ സഹായിക്കുകയാണ് ചെയ്തത്. ജയിച്ചു വന്നവർ ഭരണം ഏറ്റുവാങ്ങാൻ എത്തിയിട്ടും നടന്നില്ല. അനുരഞ്ജന ചർച്ചകൾ പലതും നടത്തിയിട്ടും വിജയിച്ചില്ല. പല ദുഷ്പ്രചാരണങ്ങൾ അന്നുണ്ടായിരുന്നു. ചില രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകർ ഒത്തു ചേർന്നു. ശിവഗിരിക്ക് ദോഷം വരും എന്ന് കണ്ടപ്പോഴാണ് കോടതി ഇടപെടലും പോലീസ് നടപടിയും ഉണ്ടായതെന്നും അദ്ദേഹം പറഞ്ഞു. സഭയിലെ ചർച്ചയുമായി ബന്ധപ്പെട്ട് രാഷ്ട്രീയം പറയാനില്ലെന്നും സ്വാമി സച്ചിദാനന്ദ വ്യക്തമാക്കി.

### അട്ടപ്പാടിയിലേക്ക് സ്ഫോടക വസ്തുക്കൾ കടത്താൻ ശ്രമിച്ച സംഭവം: മുഖ്യപ്രതി പിടിയിൽ

പാലക്കാട്: ഓട്ടോറിക്ഷയിൽ അട്ടപ്പാടിയിലേക്ക് സ്ഫോടക വസ്തുക്കൾ കടത്താൻ ശ്രമിച്ച കേസിലെ മുഖ്യ സൂത്രധാരനെ പോലീസ് പിടികൂടി. അരപ്പാറ സ്വദേശിയായ നാസർ (48) ആണ് പിടിയിലായത്.

മണ്ണാർക്കാട് പോലീസ് ആണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. സെപ്റ്റംബർ 13ന് ആയിരുന്നു ഓട്ടോറിക്ഷയിൽ അട്ടപ്പാടിയിലേക്ക് കടത്താൻ ശ്രമിച്ച സ്ഫോടക വസ്തുക്കളുമായി തച്ചമ്പാറ സ്വദേശിയായ ഓട്ടോ ഡ്രൈവറെ പോലീസ് പിടികൂടിയത്. ആനമൂളി ചെക്പോസ്റ്റിന് സമീപത്ത് നിന്നാണ് ഓട്ടോറിക്ഷയെയും ഡ്രൈവറെയും പോലീസ് കസ്റ്റഡിയിലെടുത്തത്. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് നാസറിനെ കുറിച്ചുള്ള വിവരം ലഭിച്ചത്. അട്ടപ്പാടി നരസിമുക്ക് സ്വദേശിയായ പാപ്പണ്ണൻ എന്ന വ്യക്തിക്കു വേണ്ടിയാണ് ഓട്ടോറിക്ഷയിൽ സ്ഫോടക വസ്തുക്കൾ കടത്താൻ ശ്രമിച്ചതെന്നാണ് പ്രതികൾ പോലീസിന് നൽകിയ മൊഴി.



# സംസ്ഥാനത്തെ തീരമേഖലയുടെ സാധ്യതകളിൽ മതിപ്പ് പ്രകടിപ്പിച്ച് കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവ് പ്രതിനിധികൾ

തിരുവനന്തപുരം: കേരളത്തിൻറെ തീരമേഖലയുടെ സാധ്യതകളിൽ മതിപ്പ് പ്രകടിപ്പിച്ച് കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവ് പ്രതിനിധികൾ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും കോവളം ബീച്ചും സന്ദർശിച്ച യൂറോപ്യൻ സംഘമാണ് സംസ്ഥാനത്തെ തീരസമ്പത്തിനെയും പരമ്പരാഗത മത്സ്യബന്ധനത്തെയും കുറിച്ച് സന്തുഷ്ടി പ്രകടിപ്പിച്ചത്. കോൺക്ലേവിൻറെ ഭാഗമായി ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻറെ നേതൃത്വത്തിലായിരുന്നു സന്ദർശനം.

സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെയാണ് 'രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിൽ ബ്ലൂ ടൈഡ്സ്: കേരള-യൂറോപ്യൻ യൂണിയൻ ദ്വിദിന കോൺക്ലേവ് കോവളം ലീല റാവിസിൽ സംഘടിപ്പിക്കുന്നത്.

കേരളത്തിൻറെ അഭിമാന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ചരക്കുനീക്കവും ദൈനംദിന പ്രവർത്തനങ്ങളും നിരീക്ഷിച്ച പ്രതിനിധികൾ പദ്ധതിപ്രദേശത്തും സമയം ചെലവിട്ടു. വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് എം.ഡി ഡോ. ദിവ്യ എസ്. അയ്യർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ പ്രദീപ് ജയരാമൻ എന്നിവർ തുറമുഖത്തിൻറെ പ്രവർത്തനങ്ങളെയും വികസന സാധ്യതകളെയും കുറിച്ച് പ്രതിനിധികൾക്ക് വിശദീകരിച്ചു.കോവളം ഹവ്വാ ബീച്ചിലെത്തിയ പ്രതിനിധികൾ കമ്പവല ഉപയോഗിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്നത് വീക്ഷിച്ചു. ബീച്ചിൽ ഏറെ നേരം ചെലവിട്ട പ്രതിനിധികൾ കമ്പവല ഉപയോഗിക്കുന്നതും കയർ ഉപയോഗിച്ച് വല വലിക്കുന്നതും മീൻ കരയ്ക്കെത്തുന്നതും വരെയുള്ള ഘട്ടങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു. ചില വിദേശ പ്രതിനിധികൾ മത്സ്യത്തൊഴിലാളികൾക്കൊപ്പം കമ്പവലിയിൽ പങ്കുചേരുകയും ചെയ്തു. ഫിഷറീസ് ഉദ്യോഗസ്ഥരും മത്സ്യത്തൊഴിലാളികളും പ്രതിനിധികൾക്ക് പരമ്പരാഗത മത്സ്യബന്ധന രീതിയെക്കുറിച്ച് വിശദീകരിച്ചു.കോവളം വെള്ളാറിലെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജും സംഘം സന്ദർശിച്ചു. കേരളത്തിൻറെ തനത് കൈത്തറി, കരകൗശല വസ്തുക്കളുടെ പ്രദർശന-വിപണന സ്റ്റാളുകൾ വീക്ഷിച്ച സംഘം ഇതിൻറെ പ്രവർത്തനങ്ങളെക്കുറിച്ച് തൊഴിലാളികളോടും ജീവനക്കാരോടും ചോദിച്ചറിഞ്ഞു.

സ്ലൊവാക്യ എംബസിയിലെ റോബർട്ട് മാക്സിയൻ, സ്പെയിൻ എംബസി അംബാസഡർ ജുവാൻ അൻറോണിയോ മാർച്ച് പുജോൾ, ഇറ്റലി എംബസി അംബാസഡർ അൻറോണിയോ എൻറിക്കോ ബാർതോളി, മാൾട്ട ഹൈക്കമ്മീഷൻ അംബാസഡർ റൂബൻ ഗൗസി, ഡാനിഷ് എംബസി അംബാസഡർ റാസ്മസ് അബിൽഡ്ഗാർഡ് ക്രിസ്റ്റൻസൺ, പോളണ്ട് എംബസിയിൽ നിന്നുള്ള ഡോ. പിയോട്ടർ സ്വിറ്റാൽസ്കി, ബൾഗേറിയ എംബസി അംബാസഡർ യാങ്കോവ്, ഫിൻലാൻഡ് എംബസി അംബാസഡർ കിമ്മോ ലഹ്ഡെവിർട്ട, റൊമാനിയ എംബസി അംബാസഡർ സെന ലത്തീഫ്, ജർമ്മനി എംബസിയിലെ സൈമൺ എച്ച് പ്രേക്കർ, സ്ലോവേനിയ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ ഇർമ സിൻകോവെക്, കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.



**കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിൻറെ ഭാഗമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സന്ദർശിച്ച യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരും പ്രതിനിധികളും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ പ്രദീപ് ജയരാമൻ, വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് എംഡി ഡോ. ദിവ്യ എസ് അയ്യർ എന്നിവരോടൊപ്പം.**

## അമീബിക് മസ്തിഷ്ക ജ്വരം; പതിനൊന്നു വയസുകാരി ആശുപത്രിവിട്ടു

കോഴിക്കോട്: അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽകോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന പതിനൊന്നു വയസുകാരി ആശുപത്രിവിട്ടു. മലപ്പുറം ചേളാരി സ്വദേശിയായ വിദ്യാർഥിയാണ് ആശുപത്രി വിട്ടത്.

കുട്ടി ആരോഗ്യം വീണ്ടെടുത്തതായി ആശുപത്രി അധികൃതർ അറിയിച്ചു. കഴിഞ്ഞ ദിവസം ഒരാൾക്കുകൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിരുന്നു. പാലക്കാട് പട്ടാമ്പി സ്വദേശിയായ ഇരുപത്തിയേഴുകാരനാണ് രോഗം സ്ഥിരീകരിച്ചത്.

ഇദ്ദേഹം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. നിലവിൽ പത്തുപേരാണ് ചികിത്സയിലുള്ളത്. ഇവരുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

## സമസ്തയുടെ നൂറാം വാർഷിക ചടങ്ങിലേക്ക് പ്രധാനമന്ത്രിയെ ക്ഷണിച്ചിട്ടില്ല: ജിഫ്രി മുത്തുക്കോയ തങ്ങൾ

കോഴിക്കോട്: സമസ്തയുടെ നൂറാം വാർഷിക ചടങ്ങിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ക്ഷണിച്ചിട്ടില്ലെന്ന് സമസ്ത പ്രസിഡൻറ് സയിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ. പ്രധാനമന്ത്രിയെ ക്ഷണിക്കുന്ന കാര്യം താൻ സംസാരിച്ചെന്ന വാർത്ത അടിസ്ഥാന രഹിതമാണെന്ന് അദേഹം പറഞ്ഞു.

ന്യൂനപക്ഷ മോർച്ച ദേശീയ പ്രസിഡൻറ് ജമാൽ സിദ്ദിഖിയുടെ പ്രസ്താവന എന്ന തരത്തിലായിരുന്നു വാർത്ത പ്രചരിച്ചിരുന്നത്. പ്രധാനമന്ത്രിയോട് എന്താണ് പറയാനുള്ളതെന്ന് സിദ്ദിഖി ചോദിച്ചിരുന്നതായി മുത്തുക്കോയ തങ്ങൾ വ്യക്തമാക്കി.

ചോദ്യത്തിന് മറുപടിയായി രാജ്യത്ത് ന്യൂനപക്ഷ വിഭാഗങ്ങൾ വലിയ ആശങ്കയിലാണെന്നും അതു പരിഹരിക്കാൻ നടപടിവേണമെന്നും ആവശ്യപ്പെട്ടിരുന്നതായും ജിഫ്രി മുത്തുക്കോയ തങ്ങൾ പറഞ്ഞു.

എന്നാൽ പ്രധാനമന്ത്രിയെ നേരിൽ കാണാൻ അവസരമൊരുക്കാമെന്ന് പറഞ്ഞപ്പോൾ ഇപ്പോൾ സമസ്ത നൂറാം വാർഷികവുമായി ബന്ധപ്പെട്ട തിരക്കുകളിലാണെന്നും അതിനുശേഷം ആലോചിക്കാമെന്നുമാണ് മറുപടിനൽകിയതെന്നും തങ്ങൾ കൂട്ടിച്ചേർത്തു.

# സ്വാഗതം ഭാവിക,അധ്യക്ഷൻ ദേവാനന്ദ്; വ്യത്യസ്തമായി സാഹിത്യോൽസവം ഉദ്ഘാടനം

താമരക്കുളം വി വി എച്ച് എസ് എസ് അഞ്ചാം ക്ലാസ് വിദ്യാർഥിനി ഭാവികാ ലക്ഷ്മി സ്വാഗതവും കാസർഗോഡ് ചീമേനി ജി എച്ച് എസ് വിദ്യാർഥി ദേവാനന്ദ് അധ്യക്ഷത വഹിച്ച കുട്ടികളുടെ സാഹിത്യോൽസവം - അക്ഷരക്കൂട്ട് ഉദ്ഘാടന ചടങ്ങ് വ്യത്യസ്തമായി. കിളികളെയും കാറ്റിനെയുമടക്കം സ്വാഗതമാശംസിച്ച ഭാവികയെ നിറഞ്ഞ കൈകളോടെയാണ് സദസ്സ് സ്വീകരിച്ചത്. മാനവിക മൂല്യങ്ങളെ ഉയർത്തി എഴുത്തും വായനയും വിദ്യാർഥികളിലെത്താൻ സാഹിത്യോൽസവം സഹായിക്കുമെന്ന് അധ്യക്ഷനായ കാസർഗോഡ് ചീമേനി ജി എച്ച് എസ് വിദ്യാർഥി ദേവാനന്ദ് പറഞ്ഞു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കുട്ടികളുടെ സാഹിത്യോത്സവമായ 'അക്ഷരക്കൂട്ട്' ഇനി എല്ലാ വർഷവും നടത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചു. തിരുവനന്തപുരം കനകക്കുന്നിൽ അക്ഷരക്കൂട്ട് - കുട്ടികളുടെ സാഹിത്യോൽസവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവനയ്ക്കും സർഗ്ഗാത്മകതയ്ക്കും ചിറകുകൾ നൽകുന്ന ഒരു പുതിയ ചരിത്രസംഭവമാണിത്.

ഒന്നാം ക്ലാസ്സുകാരുടെ ഡയറിക്കുറിപ്പുകൾ 'കുരുന്നെഴുത്തുകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചപ്പോഴുള്ള മികച്ച പ്രതികരണമാണ് ഇങ്ങനെയൊരു സംസ്ഥാനതല പുസ്തകോത്സവം സംഘടിപ്പിക്കാനുള്ള ചിന്തയ്ക്ക് വഴിയൊരുക്കിയത്. ഈ ആശയം കൂടുതൽ വിപുലീകരിച്ചാണ് 'അക്ഷരക്കൂട്ട്' എന്ന വലിയ പരിപാടിക്ക് രൂപം നൽകിയത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ (SIET) നേതൃത്വത്തിൽ തിരുവനന്തപുരം കനകക്കുന്ന്, ജവഹർ ബാലഭവൻ, മൺവിള എന്നിവിടങ്ങളിലെ വിവിധ വേദികളിലാണ് സാഹിത്യോത്സവം അരങ്ങേറുന്നത്. കുട്ടികൾ രചിച്ച പുസ്തകങ്ങളുടെ പ്രദർശനം, സാഹിത്യ ശില്പശാലകൾ, പ്രമുഖ എഴുത്തുകാരുമായുള്ള സംവാദങ്ങൾ എന്നിവ പരിപാടിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. 140-ൽ അധികം വിദ്യാർത്ഥികളാണ് ഈ സാഹിത്യോത്സവത്തിൽ മുഴുവൻ സമയ പങ്കാളികളാകുന്നത്. മറ്റ് സാഹിത്യോത്സവങ്ങളിൽ കാണാത്ത ഒരു പ്രത്യേകത 'അക്ഷരക്കൂട്ടിനുണ്ട്'. ഇവിടെ പ്രദർശിപ്പിക്കുന്ന ഓരോ പുസ്തകവും എഴുത്തുകാരായ അധ്യാപകർ വായിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾ മെന്റർ ടീച്ചർമാരുടെ സാന്നിധ്യത്തിൽ ഈ പുസ്തകങ്ങൾ ചർച്ച ചെയ്യുകയും വിശകലനം പൊതുവേദിയിൽ അവതരിപ്പിക്കുകയും ചെയ്യും. ഇത് കുരുന്നു പ്രതിഭകൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ പ്രോത്സാഹനമായിരിക്കുമെന്ന് മന്ത്രി പറഞ്ഞു. ഇങ്ങനെയൊരു സംരംഭം ഒരു വർഷം കൊണ്ട് അവസാനിപ്പിക്കേണ്ട ഒന്നല്ലെന്നും, കുട്ടികളുടെ സർഗ്ഗശേഷിയെ എല്ലാ വർഷവും പരിപോഷിപ്പിക്കേണ്ടത് നമ്മുടെ കടമയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഈ ചരിത്രപരമായ പ്രഖ്യാപനം നമ്മുടെ കുട്ടി എഴുത്തുകാർക്ക് സർക്കാർ നൽകുന്ന ഉറപ്പാണെന്നും മന്ത്രി പറഞ്ഞു. പരിപാടിക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും മന്ത്രി അഭിനന്ദിച്ചു.

ചടങ്ങിൽ എഴുത്തുകാരായ പ്രഭാവർമ, ജോർജ് ഓണക്കൂർ, പൊതുവിദ്യാഭ്യാസ സെക്രട്ടറി ഡോ. കെ. വാസുകി, പൊതു വിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി രതീഷ് കാളിയാടൻ, എസ്.ഐ.ഇ.ടി. ഡയറക്ടർ ബി അബു രാജ്, സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടർ ഡോ. പി പ്രമോദ്, സാക്ഷരതാമിഷൻ ഡയറക്ടർ പ്രൊഫ. എ.ജി. ഒലീന, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ആർ കെ ജയപ്രകാശ് എന്നിവർ പങ്കെടുത്തു.

# സർവേ റെക്കോർഡുകൾ ഇനി എളുപ്പത്തിൽ കിട്ടും; കിയോസ്ക് സംവിധാനം ഇന്ന് മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും

മുൻകാല സർവേ രേഖകൾ ഇനി വേഗത്തിൽ ലഭിക്കും. ഇതിനായി സർവേ ഡയറക്ടറേറ്റിൽ കിയോസ്ക് സംവിധാനവും ഹെൽപ് ഡെസ്കും ഒരുക്കി. ഫയൽ നടപടികളില്ലാതെ, ഫീസ് അടച്ച് ആർക്കും സ്വയം രേഖകൾ പ്രിന്റ് ചെയ്തെടുക്കാം. ഡിജിറ്റൽ സർവേ രേഖകളും ഇവിടെ നിന്ന് ലഭിക്കും. കിയോസ്ക് സംവിധാനത്തിന്റെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 19ന്) ഉച്ചക്ക് 2 ന് റവന്യൂ മന്ത്രി കെ. രാജൻ നിർവഹിക്കും. എംഎൽഎ ആന്റണി രാജു അധ്യക്ഷനാകുന്ന ചടങ്ങിൽ ജില്ലാ കളക്ടർ അനുകുമാരി, മേയർ ആര്യാ രാജേന്ദ്രൻ, റവന്യു വകുപ്പ് സെക്രട്ടറി എം ജി രാജമാണിക്യം, ലാൻഡ് റവന്യു വകുപ്പ് കമ്മിഷണർ കെ ജീവൻ ബാബു, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ മീര കെ,സർവെ ഭൂരേഖ വകുപ്പ് ഡയറക്ടർ സീറാം സാംബശിവ റാവു, അഡീഷണൽ ഡയറക്ടർ സതീഷ്കുമാർ പി എസ്, വാർഡ് കൗൺസലർ രാഖി രവികുമാർ എന്നിവർ സംബന്ധിക്കും.

'എന്റെ ഭൂമി' ഡിജിറ്റൽ സർവേയുടെ ഭാഗമായാണ് പഴയ സർവേ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നത്. നിലവിൽ 530 വില്ലേജുകളിലെ രേഖകൾ പോർട്ടലിൽ ലഭ്യമാണ്. ഇതുവരെ തിരുവനന്തപുരത്തെ സെൻട്രൽ സർവേ ഓഫീസിൽ നേരിട്ടെത്തി രേഖകൾ വാങ്ങേണ്ട അവസ്ഥയായിരുന്നു. എന്നാൽ, ഇപ്പോൾ 'എന്റെ ഭൂമി' പോർട്ടൽ വഴി ഓൺലൈനായി രേഖകൾ ഡൗൺലോഡ് ചെയ്യാം. പോർട്ടലിൽ ലഭ്യമല്ലാത്ത രേഖകൾക്കായി ഓൺലൈനായി അപേക്ഷിക്കാനും സൗകര്യമുണ്ട്. ഡയറക്ടറേറ്റിൽ എത്തുന്നവർക്ക് കിയോസ്ക് സംവിധാനം ഉപയോഗിക്കാനുമാകും.

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വൈജ്ഞാനികപുരസ്കാരം പ്രഖ്യാപിച്ചു

വൈജ്ഞാനികമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അംഗീകാരം നൽകാനും പ്രോത്സാഹിപ്പിക്കാനുമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിവരുന്ന എൻ.വി കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം, ഡോ. കെ. എം. ജോർജ് സ്മാരക ഗവേഷണപുരസ്കാരം (ശാസ്ത്രേതരം), എം.പി കുമാരൻ സ്മാരക വിവർത്തനപുരസ്കാരം എന്നീ വൈജ്ഞാനിക പുരസ്കാരങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിത ദിനത്തിൽ സാംസ്കാരികവകുപ്പുമന്ത്രി സജി ചെറിയാൻ നിയമസഭയിലെ മീഡിയ റൂമിൽ വച്ച് പ്രഖ്യാപിച്ചു. ഡോ. ഗോപകുമാർ ചോലയിൽ (കൃതി - ഉരുകുംകാലം: അതിതാപനവും അതിജീവനവും, പ്രസാധകർ: കറന്റ് ബുക്സ്, തൃശൂർ), ഡോ. ഇന്ദുലേഖ കെ . എസ് (ഗവേഷണ പ്രബന്ധം: ശില്പകലയും സംസ്കാരചരിത്രവും: കേരളത്തിലെ മാതൃകകൾ മുൻനിർത്തിയുള്ള പഠനം (ശ്രീ ശങ്കരാചാര്യ സംസ്കൃത സർവലാശാല-കാലടി), ആർ. പാർവതിദേവി (വിവർത്തനകൃതി-റീത്തയുടെ പാഠങ്ങൾ: ഓർമ്മക്കുറിപ്പുകൾ 1975-1985, പ്രസാധകർ: ചിന്ത പബ്ലിഷേസ്, മൂലകൃതി : ആൻ എഡ്യുക്കേഷൻ ഫോർ റീത്ത : എ മെമ്മയർ 1975-1985- ബൃന്ദ കാരാട്ട്) എന്നിവർ യഥാക്രമം അർഹരായി. ഓരോ ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമാണ് പുരസ്കാരം. അമ്പതിനായിരം രൂപ ഡോ. കെ. എം. ജോർജ് സ്മാരക ഗവേഷണപുരസ്കാരത്തിന് (ശാസ്ത്രേതരം). കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ, പി. ആർ. ഒ. റാഫി പൂക്കോം എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. പുരസ്കാരം ഒക്ടോബർ മാസം ആദ്യം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടക്കുന്ന പരിപാടിയിൽ വിതരണം ചെയ്യും. 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള മൗലിക കൃതികളും അവാർഡ് ചെയ്യപ്പെട്ടിട്ടുള്ള പി.എച്ച്.ഡി/പോസ്റ്റ് പി എച്ച് ഡി ഗവേഷണ പ്രബന്ധങ്ങളുമാണ് പുരസ്കാരങ്ങൾക്കായി പരിഗണിച്ചത്. ഓരോ വിഭാഗത്തിലും മൂന്ന് വിദഗ്ദ്ധരും ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ ജൂറികളാണ് വിധിനിർണയം നടത്തിയിട്ടുള്ളത്.

തിരൂർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല മുൻ വൈസ് ചാൻസിലറായ പ്രൊഫ. (ഡോ.) സുഷമ എൽ ചെയർപേഴ്സണും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറും റിട്ടയേർഡ് പ്രൊഫസറുമായ ഡോ. പി കെ പോക്കർ, എസ്. സി. എം. എസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് & ബയോ ടെക്നോളജിയുടെ മുൻ ഡെപ്യൂട്ടി ഡയറക്ടറായ ഡോ. സേതുലക്ഷ്മി സി എന്നിവർ മെമ്പർമാരും കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സത്യൻ എം മെമ്പർ സെക്രട്ടറിയുമായ ജൂറിയാണ് എൻ.വി കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം വിധി നിർണയം നടത്തിയത്.

മലബാർ ക്രിസ്ത്യൻ കോളെജിലെ റിട്ടയേർഡ് പ്രൊഫ.(ഡോ.)കെ.വി.തോമസ് ചെയർപേഴ്സണും, കേരള സർവകലാശാല, കാര്യവട്ടം ക്യാമ്പസിലെ റിട്ടയേർഡ് പ്രൊഫ.ഡോ.ആന്റണി പാലക്കൽ, ബാലുശ്ശേരി ഗവ. കോളെജിലെ റിട്ടയേർഡ് പ്രൊഫ.ഡോ.സി.ജെ ജോർജ്ജ് എന്നിവർ മെമ്പർമാരും കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സത്യൻ എം, മെമ്പർ സെക്രട്ടറിയുമായ ജൂറിയാണ് ഡോ. കെ.എം. ജോർജ് സ്മാരക ഗവേഷണ പുരസ്കാരം വിധി നിർണയം നടത്തിയത്.

കോട്ടയം സ്കൂൾ ഓഫ് ലറ്റേഴ്സ്, മഹാത്മ ഗാന്ധി സർവകലാശാല മുൻഡയറക്ടറായ പ്രൊഫ.(ഡോ.)കെ.എം.കൃഷ്ണൻ ചെയർപേഴ്സണും, കാസറഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിലെ ഡിപ്പാർട്ട്മെന്റ് ഇംഗ്ലീഷ് & കംപാരിറ്റീവ് ലിറ്ററേച്ചർ മേധാവിയായ ഡോ.ജോസഫ് കോയിപ്പള്ളി ജോസഫ്, വൈജ്ഞാനിക എഴുത്തുകാരിയും വിവർത്തകയുമായ ഡോ.ആശാലത എന്നിവർ മെമ്പർമാരും കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സത്യൻ എം മെമ്പർ സെക്രട്ടറിയുമായ ജൂറിയാണ് എം. പി കുമാരൻ സ്മാരക വിവർത്തന പുരസ്കാരം വിധി നിർണയം നടത്തിയത്.

# വനിതാഫെഡിന്റെ 'സൂതികാമിത്രം' പദ്ധതിക്ക് തുടക്കം; ഇനി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ആയുർവേദ പരിചരണം

ഗർഭിണികൾക്കും പ്രസവാനന്തരം അമ്മമാർക്കും ആയുർവേദ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങളുടെ സംസ്ഥാന ഫെഡറേഷനായ വനിതാഫെഡ് 'സൂതികാമിത്രം' പദ്ധതി ആരംഭിക്കുന്നു.

സഹകരണ, ആയുഷ് വകുപ്പുകളുടേയും നാഷണൽ ആയുഷ് മിഷന്റെയും പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതി സെപ്റ്റംബർ 23 ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പരമ്പരാഗത ശുശ്രൂഷാ രീതികളെ പുനരുജ്ജീവിപ്പിക്കുകയും വനിതകൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയുമാണ് ലക്ഷ്യം.അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഉയർന്ന നിലവാരമുള്ള ആയുർവേദ പരിചരണം നൽകാൻ വനിതകളെ പരിശീലിപ്പിക്കും. ഇതിനായി പ്ലസ്ടു യോഗ്യതയുള്ള 20 മുതൽ 45 വയസ്സുവരെയുള്ള വനിതകളെ കണ്ടെത്തി സൗജന്യ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമാക്കും.

ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ വനിതാ സഹകരണ സംഘങ്ങൾ വഴി 140 പേർക്കാണ് പരിശീലനം നൽകുന്നത്. ഇതിനുള്ള ചെലവ് സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്തും.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് വിവിധ ആശുപത്രികൾ, പ്രസവ കേന്ദ്രങ്ങൾ, വീട്ടു ശുശ്രൂഷാ കേന്ദ്രങ്ങൾ, സംരംഭങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ അവസരം ലഭിക്കും. സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വനിതാഫെഡ് ഓൺലൈൻ ലേബർ ബാങ്ക് രൂപീകരിക്കും. ഇതിലൂടെ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളെ ആവശ്യമുള്ളവർക്ക് ലഭ്യമാക്കും.

തൊഴിലാളികളുടെ വരുമാനത്തിന്റെ 5 ശതമാനം സേവന ഫീസായി ഫെഡറേഷൻ സ്വീകരിക്കും. ഈ തുക പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും. സമൂഹത്തിന്റെ ആരോഗ്യസംരക്ഷണത്തിൽ വലിയ പങ്ക് വഹിക്കുന്നതോടൊപ്പം വനിതകൾക്ക് തൊഴിൽ സുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിൽ പദ്ധതി നിർണായകമാകും.

## അപേക്ഷ ക്ഷണിച്ചു

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ടാലി), മൊബൈൽ ഫോൺ ടെക്നോളജി, ഗാർമെന്റ് മേക്കിംഗ് ആൻഡ് അപ്പാരൽ ഡിസൈനിംഗ്, ടോട്ടൽ സ്റ്റേഷൻ, ബ്യൂട്ടീഷൻ, ഇലക്ട്രിക് വയർമാൻ, പ്രോഗ്രാമിംഗ് ആൻഡ് പ്രാക്ടീസ് ഓൺ സി എൻ സി മെഷീൻ ഓട്ടോകാഡ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽവിവരങ്ങൾക്ക്: 8075289889, 9495830907

## വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള ഒരു അസിസ്റ്റന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ സർവീസിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 39,300-83,000 ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിക്കുന്നവർക്ക് അപേക്ഷിക്കാം.നിശ്ചിത ഫോറത്തിലുള്ള അപേക്ഷ മേലധികാരി മുഖേന നിരാക്ഷേപപത്രം സഹിതം മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, പി.എം.ജി, പട്ടം.പി.ഒ, തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ സെപ്റ്റംബർ 30 നകം ലഭ്യമാക്കണം.

# അടിസ്ഥാന രഹിതമായ ആരോപണങ്ങൾ രാഹുൽ ഗാന്ധിയുടെ ശീലമായി മാറി: അനുരാഗ് താക്കൂർ

ന്യൂഡൽഹി: രാഹുൽ ഗാന്ധിയ്ക്കെതിരെ രൂക്ഷ വിമർശനവുമായി ബിജെപി നേതാവും കേന്ദ്ര മന്ത്രിയുമായ അനുരാഗ് താക്കൂർ. അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് രാഹുൽ ഗാന്ധിയുടെ ശീലമായി മാറിയെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

തുടർച്ചയായ പരാജയങ്ങളെ തുടർന്ന് കോൺഗ്രസിന്റെ നിരാശ വർധിക്കുന്നുവെന്നും അതിനാലാണ് രാഹുൽ ഗാന്ധി ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും അനുരാഗ് താക്കൂർ കൂട്ടിച്ചേർത്തു. വോട്ടർ പട്ടികയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണങ്ങളിലാണ് കേന്ദ്ര മന്ത്രിയുടെ വിമർശനം.

ഡൽഹിയിൽ നടത്തിയ വാർത്ത സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നേരത്തെ റാഫാൽ ഇടപാടിനെ കുറിച്ചും പെഗാസസുമായി ബന്ധപ്പെട്ടും രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ടെന്നും അനുരാഗ് വ്യക്തമാക്കി.

രാഹുൽ ഗാന്ധി ഇന്ന് ഉന്നയിച്ച ആരോപണങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തത വരുത്തിയിട്ടുണ്ട്. ഓൺലൈനായി വോട്ട് വെട്ടിക്കളയാൻ സാധിക്കില്ലെന്നത് വസ്തുതയാണ്. 2023ലെ സംഭവത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയെടുത്തതാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

കർണാടക പോലീസ് വിഷയത്തിൽ എന്ത് ചെയ്തെന്നും അദേഹം ആരാഞ്ഞു. തെരഞ്ഞെടുപ്പ് കമ്മീഷനെ ദുരുപയോഗം ചെയ്തത് കോൺഗ്രസാണെന്നും അനുരാഗ് ആരോപിച്ചു.

രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ അനധികൃത കുടിയേറ്റക്കാരെ സംരക്ഷിക്കാനുള്ള ഗൂഢാലോചനയാണ് നടക്കുന്നതെന്നും രാഹുലിന്റെയും കോൺഗ്രസിന്റെയും നയം കുടിയേറ്റക്കാർക്ക് വേണ്ടിയാണെന്നും അനുരാഗ് താക്കൂർ കുറ്റപ്പെടുത്തി.

# കൗമാരക്കാരിയെ പീഡിപ്പിച്ചു കൊന്നു; പ്രതി അറസ്റ്റിൽ

ഡെറാഡൂൺ: ഉത്തരാഖണ്ഡിലെ ഉധം സിംഗ് നഗർ ജില്ലയിൽ എട്ടാം ക്ലാസ് വിദ്യാർഥിനിയെ പീഡിപ്പിക്കുകയും ക്രൂരമായി കൊലപ്പെടുത്തുകയും ചെയ്ത 20കാരൻ അറസ്റ്റിൽ.

ജാസ്പൂർ പ്രദേശത്തെ അമിയവാല ഗ്രാമത്തിൽ വച്ചാണ് സംഭവം നടന്നത്. പ്രതി രാജീവ് കുമാറിനെ സംഭവം നടന്ന് 12 മണിക്കൂറിനുള്ളിൽ അറസ്റ്റ് ചെയ്തതായി ഉധം സിംഗ് നഗറിലെ സീനിയർ പോലീസ് സൂപ്രണ്ട് (എസ്എസ്പി) മണികാന്ത് മിശ്ര പറഞ്ഞു.

പ്രതി നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, കുറ്റകൃത്യത്തിന് ഉപയോഗിച്ച രക്തം പുരണ്ട ബ്ലേഡും കൊലപാതകം നടത്തുന്ന സമയത്ത് അയാൾ ധരിച്ചിരുന്ന വസ്ത്രങ്ങളും കണ്ടെടുത്തതായി അദ്ദേഹം പറഞ്ഞു.

കൊല്ലപ്പെട്ട പെൺകുട്ടി, തന്റെ വളർത്തുമൃഗങ്ങൾക്ക് കരിമ്പിൻ തൊലി ശേഖരിക്കാൻ വയലിലേക്ക് പോയിരുന്നു. ഇവിടെ വച്ചാണ് രാജീവ് കൃത്യം ചെയ്തത്.പെൺകുട്ടി ഏറെ നേരം കഴിഞ്ഞിട്ടും വീട്ടിൽ തിരിച്ചെത്താത്തതിനെ തുടർന്ന് വീട്ടുകാർ തിരച്ചിൽ നടത്തിയപ്പോൾ വീട്ടിൽ നിന്ന് 150 മീറ്റർ അകലെയുള്ള ഒരു കരിമ്പിൻ തോട്ടത്തിൽ രക്തത്തിൽ കുളിച്ചു കിടക്കുന്ന നിലയിൽ പെൺകുട്ടിയെ കണ്ടെത്തുകയായിരുന്നുവെന്ന് എസ്എസ്പി പറഞ്ഞു.

ഗ്രാമവാസികൾ സംഭവത്തെക്കുറിച്ച് പോലീസിനെ അറിയിക്കുകയും പെൺകുട്ടിയെ ജാസ്പൂർ കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ എത്തിക്കുകയും ചെയ്തു. എന്നാൽ മരണംസംഭവിച്ചിരുന്നു.സംഭവത്തിൽ രോഷാകുലരായ ഗ്രാമവാസികൾ പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ദേശീയപാത 74 ഉപരോധിച്ചു.

കൊല്ലപ്പെട്ട പെൺകുട്ടിയുടെ അമ്മ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, ബിഎൻഎസിലെ 103 (1) (കൊലപാതകത്തിനുള്ള ശിക്ഷ), 64 (1) (ബലാത്സംഗത്തിനുള്ള ശിക്ഷ) വകുപ്പുകളും പോക്സോ നിയമവും പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി ആരംഭിച്ചു.

# ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ്: ജാവലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് ഇന്നു ഫൈനൽ

ടോക്കിയോ: ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സ്വർണം നിലനിർത്താനായി നിലവിലെ ചാമ്പ്യനും ഇന്ത്യയുടെ ജാവലിൻ ത്രോ സൂപ്പർ താരവുമായ നീരജ് ചോപ്ര ഇന്നു ഫീൽഡിൽ ഇറങ്ങും.

തുടർച്ചയായ രണ്ടാം ലോക ചാമ്പ്യൻഷിലും സ്വർണം നേടുക എന്ന ലക്ഷ്യമാണ് നീരജ് ചോപ്രയ്ക്കുള്ളത്. ഇന്ത്യൻ സമയം ഇന്ന് ഉച്ചകഴിഞ്ഞ് 3.53 മുതലാണ് പുരുഷ വിഭാഗം ജാവലിൻത്രോ ഫൈനൽ പോരാട്ടം. 2023 ഹംഗറിയിലെ ബുഡാപെസ്റ്റിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിൽ 88.17 മീറ്റർ എറിഞ്ഞാണ് നീരജ് ഇന്ത്യക്കായി ചരിത്ര സ്വർണം സ്വന്തമാക്കിയത്.

**ആദ്യ ഏറിൽ യോഗ്യത**

ബുധനാഴ്ച നടന്ന യോഗ്യതാ റൗണ്ടിൽ ആദ്യ ശ്രമത്തിൽത്തന്നെ ഫൈനൽ ടിക്കറ്റെടുത്താണ് നീരജിന്റെ വരവ്. യോഗ്യതാ റൗണ്ടിലെ ഗ്രൂപ്പ് എയിൽ മത്സരിച്ച നീരജ് ചോപ്ര, ആദ്യ ഏറിൽ 84.85 മീറ്റർ ദൂരത്തേക്ക് ജാവലിൻ പായിച്ചു. ഫൈനലിലേക്കുള്ള യോഗ്യതാ മാർക്ക് 84.50 മീറ്റർ ആയിരുന്നു. പാരീസ് ഒളിമ്പിക്സിൽ നീരജിനെ പിന്തള്ളി സ്വർണം നേടിയ പാക്കിസ്ഥാന്റെ അർഷീദ് നദീമും ഫൈനലിൽ പ്രവേശിച്ചിട്ടുണ്ട്. ഗ്രൂപ്പ് ബിയിൽ മത്സരിച്ച അർഷാദ് നദീം, 85.28 മീറ്റർ ദൂരം കുറിച്ചാണ് ഫൈനൽ ടിക്കറ്റ് കരസ്ഥമാക്കിയത്.

**സച്ചിൻ യാദവും ഫൈനലിന്**

നീരജിനെ കൂടാതെ ഇന്ത്യയുടെ രോഹിത് യാദവ്, സച്ചിൻ യാദവ്, യഷ് വീർ സിംഗ് എന്നിവരും യോഗ്യതാ റൗണ്ടിൽ മത്സരിച്ചിരുന്നു. ഇതിൽ സച്ചിൻ യാദവിനു മാത്രമാണ് ഫൈനൽ യോഗ്യത ലഭിച്ചത്. 83.67 മീറ്ററാണ് സച്ചിൻ യാദവിന്റെ ദൂരം. ആദ്യ 12 സ്ഥാനക്കാർക്ക് ഫൈനൽ ടിക്കറ്റ് ലഭിക്കുമെന്നതിനാൽ, 10-ാം സ്ഥാനക്കാരനായാണ് സച്ചിൻ യാദവിന്റെ വരവ്. രോഹിത് യാദവ് 77.81 മീറ്ററും യഷ് വീർ സിംഗ് 77.51 മീറ്ററുമാണ് കണ്ടെത്തിയത്.

ഗ്രൂപ്പ് എയിൽ മത്സരിച്ച സച്ചിൻ യാദവ്, ആദ്യ ശ്രമത്തിൽ 80. 16 മീറ്റർ കുറിച്ചു. രണ്ടാം ശ്രമത്തിലാണ് 83.67 മീറ്റർ എറിഞ്ഞതും ഗ്രൂപ്പ് എയിൽ ആറാം സ്ഥാനത്തോടെ ഫൈനൽ ടിക്കറ്റ് കരസ്ഥമാക്കിയതും.

**യോഗ്യതയിൽ ആൻഡേഴ്സൺ**

യോഗ്യതാ റൗണ്ടിൽ ഏറ്റവും മികച്ച ദൂരം കണ്ടെത്തിയത് ഗ്രനാഡയുടെ ആൻഡേഴ്സൺ പീറ്റേഴ്സ് ആണ്, 89.53 മീറ്റർ. ഡയമണ്ട് ഫൈനൽസ് ജേതാവായ ജർമനിയുടെ ജൂലിയൻ വെബ്ബർ 87.21 മീറ്ററുമായി മികച്ച രണ്ടാമത്തെ ദൂരത്തിന് ഉടമയായി. ആൻഡേഴ്സൺ പീറ്റേഴ്സും ജൂലിയൻ വെബ്ബറും രണ്ടാം ശ്രമത്തിലാണ് ഈ ദൂരം കുറിച്ചത്.

# വോട്ട് കൊള്ളയ്ക്ക് 101 ശതമാനം തെളിവുണ്ട്; ഹൈഡ്രജൻ ബോംബ് വരുന്നതേയുള്ളൂ: രാഹുൽ ഗാന്ധി

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ ആഞ്ഞടിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ വോട്ട് ചോരികളെ സംരക്ഷിക്കുകയാണെന്നും എഐസിസി ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ രാഹുൽ ഗാന്ധി ആരോപിച്ചു.

ഹൈഡ്രജൻ ബോംബ് വരുന്നതേയുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിപക്ഷത്തിന് വോട്ടു ചെയ്യുന്നവരെ ഒഴിവാക്കുകയാണ്. വോട്ട് കൊള്ളയ്ക്ക് 101 ശതമാനം തെളിവുണ്ട്. കർണാടകയിലെ അലന്ദ് മണ്ഡലത്തിൽ 6018 വോട്ടുകൾ ഒഴിവാക്കി.

നീക്കിയ വോട്ടർമാരെ വാർത്താ സമ്മേളനത്തിലെത്തിച്ചായിരുന്നു രാഹുൽ ഗാന്ധിയുടെ വെല്ലുവിളി. മഹാരാഷ്ട്രയിലെ രജൂര മണ്ഡലത്തിൽ 6850 വ്യാജ വോട്ടുകളാണ് ചേർത്തത്. കർണാടകയിലെ അലന്ദ് മണ്ഡലത്തിൽ ഒഴിവാക്കലാണ് നടന്നതെങ്കിൽ മഹാരാഷ്ട്രയിലെ രജൂരയിൽ കൂട്ടിച്ചേർക്കലാണ് നടന്നത്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഫോൺ നമ്പറുകൾ ഉപയോഗിച്ചാണ് വോട്ട് വെട്ടൽ നടത്തുന്നത്. തന്റെ പേരിൽ 12 പേരുടെ വോട്ടുകൾ വെട്ടിയെന്നും തന്റെ നമ്പർ ദുരുപയോഗം ചെയ്തുവെന്നും ഒരു വോട്ടർ വെളിപ്പെടുത്തി.

വോട്ടുകൊള്ളയുടെ അന്വേഷണത്തിന്റെ ഭാഗമായി മുഴുവൻ വിവരങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷന് കർണാടക സിഐഡി നിരവധി തവണ കത്തുകൾ നൽകി. എന്നാൽ തെരഞ്ഞെടുപ്പ് കമ്മീഷൻ വിവരം നൽകിയില്ല. ഒടിപി വിവരങ്ങളുടേതടക്കം വിശദാംശങ്ങൾ തേടിയിട്ടുണ്ട്.

ഗ്യാനേഷ് കുമാർ വോട്ട് ചോരികളെ സംരക്ഷിക്കുന്ന നടപടി അവസാനിപ്പിക്കണം. കർണാടക സിഐഡി ആവശ്യപ്പെട്ട വിവരങ്ങൾ ഉടൻ നൽകണമെന്നും രാഹുൽ ഗാന്ധി ആവശ്യപ്പെട്ടു.

# ഡൽഹിയിലെ വായു ഗുണനിലവാരം ബദൽ മാർഗങ്ങൾ നിർദേശിക്കാൻ ആവശ്യപ്പെട്ടു സുപ്രീംകോടതി

ന്യൂഡൽഹി: ഡൽഹിയിലെ വായു ഗുണനിലവാര പ്രശ്നത്തിൽ നിർമാണ പ്രവർത്തനങ്ങൾക്ക് പൂർണ നിരോധനം ഏർപ്പെടുത്തുന്നതിനു പകരം ബദൽമാർഗങ്ങൾ നിർദേശിക്കാൻ എയർ ക്വാളിറ്റി മാനേജ്മെൻറ് കമ്മീഷനോട് ആവശ്യപ്പെട്ടു സുപ്രീംകോടതി.

നിർമാണപ്രവർത്തനങ്ങൾക്കു നിരോധനം ഏർപ്പെടുത്തുന്നത് ദിവസവേതന തൊഴിലാളികളുടെ ഉപജീവനമാർഗത്തെ പ്രതികൂലമായി ബാധിക്കുമെന്നും മറ്റു പ്രത്യാഘാതങ്ങളിലേക്കു നയിക്കുമെന്നും ചീഫ് ജസ്റ്റീസ് ബി.ആർ.ഗവായ്, ജസ്റ്റീസ് കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

ശൈത്യകാലം ആരംഭിക്കുന്പോൾ രാജ്യതലസ്ഥാനത്ത് പതിവായ വായുമലിനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിന് ഗ്രേഡഡ് റസ്പോൺസ് ആക്ഷൻ പ്ലാൻ (ഗ്രാപ്പ്) നടപ്പാക്കുകയാണു പതിവ്. ഇതുപ്രകാരം ഡൽഹിയിൽ നിർമാണ പ്രവർത്തനങ്ങൾ അടക്കമുള്ളവയ്ക്ക് നിശ്ചിതകാലത്തേക്കു നിരോധനം ഏർപ്പെടുത്തും.

ഈ നടപടികൾ നിമിത്തം ബുദ്ധിമുട്ടുന്ന നിർമാണതൊഴിലാളികൾക്കു നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞവർഷം സുപ്രീംകോടതി നിർദേശിച്ചിരുന്നു. എന്നാൽ മറ്റു സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് ബദൽ മാർഗങ്ങൾ സ്വീകരിക്കാനാണു ചീഫ് ജസ്റ്റീസ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചത്.അതേസമയം വായുമലിനീകരണ തോത് ഉയർത്തുന്നതിനു കാരണമാകുന്ന വൈക്കോൽ കത്തിക്കുന്ന കർഷകർക്കെതിരേ നടപടി സ്വീകരിക്കുന്നതിനുള്ള ആവശ്യകത കോടതി പറഞ്ഞു. ഇത്തരത്തിൽ വൈക്കോൽ കത്തിക്കുന്നവർക്കെതിരേ ശിക്ഷാനടപടികളെടുക്കുന്നത് ഫലപ്രദമായ പ്രതിരോധമാർഗമായിരിക്കുമെന്നും കോടതി ചൂണ്ടിക്കാട്ടി.

# നുഴഞ്ഞുകയറ്റക്കാർക്ക് വോട്ടവകാശം നൽകണോ രാഹുൽ ഗാന്ധി വ്യാജ പ്രചരണങ്ങൾ നടത്തുന്നുവെന്ന് അമിത് ഷാ

പാറ്റ്ന: രാഹുൽ ഗാന്ധി വ്യാജ പ്രചണങ്ങൾ നടത്തുന്നുവെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട് രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങളിലാണ് അമിത് ഷായുടെ വിമർശനം.

രാഹുൽ ഗാന്ധി നടത്തിയ യാത്ര വോട്ട് മോഷണത്തിനെതിരെ ആയിരുന്നില്ലെന്നും അത് ബംഗ്ലാദേശിൽ നിന്നുള്ള നുഴഞ്ഞുകയറ്റക്കാരെ സംരക്ഷിക്കാൻ വേണ്ടി ആയിരുന്നെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി ആരോപിച്ചു. എല്ലായിപ്പോഴും കോൺഗ്രസ് രാജ്യത്ത് തെറ്റിധാരണ പടർത്താൻ ശ്രമിക്കുന്നു. രാഹുൽ ഗാന്ധിയുടെ യാത്ര വിദ്യാഭ്യാസത്തെ കുറിച്ചോ തൊഴിലില്ലായ്മയെ കുറിച്ചോ ആയിരുന്നില്ല. റോഡുകൾ നിർമ്മിക്കാത്തതോ വൈദ്യുതി ലഭ്യമാകാത്തതോ രാഹുലിന്റെ യാത്രയിൽ പരാമർശിച്ചിട്ടില്ലെന്നും അമിത് ഷാ കൂട്ടിച്ചേർത്തു.

ബിഹാറിലെ റോഹ്താസിൽ നടന്ന റാലിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദേഹം. നിങ്ങൾക്ക് ആർക്കെങ്കിലും വോട്ട് നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും നുഴഞ്ഞുകയറ്റക്കാർക്ക് വോട്ടവകാശവും സൗജന്യ റേഷനും നൽകണോയെന്നും അമിത് ഷാ ചോദിച്ചു. നമ്മുടെ യുവാക്കൾക്ക് പകരം നുഴഞ്ഞു കയറ്റക്കാർക്ക് രാഹുൽ ഗാന്ധിയും കമ്പനിയും ജോലി നൽകുന്ന പ്രവൃത്തിയാണ് ഏറ്റെടുത്തിരിക്കുന്നതെന്നും അദേഹം കുറ്റപ്പെടുത്തി.

# ദിഷാ പഠാനിയുടെ വസതിക്കു നേരെയുണ്ടായ വെടിവയ്പ്പ്; പ്രതികൾ പോലീസ് എൻകൗണ്ടറിൽ കൊല്ലപ്പെട്ടു

ലക്നോ: ബോളിവുഡ് നടി ദിഷാ പഠാനിയുടെ വസതിക്കു നേരെ വെടിവയ്പുണ്ടായ സംഭവത്തിൽ പ്രതികളായ രണ്ടുപേർ പോലീസ് എൻകൗണ്ടറിൽ കൊല്ലപ്പെട്ടു.

ഉത്തർപ്രദേശിലെ ഗാസിയാബാദിലാണ് വെടിവയ്പുണ്ടായത്. പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട രണ്ടുപേരും കുപ്രസിദ്ധ കുറ്റവാളി സംഘത്തിൽപ്പെട്ടവരാണെന്ന് പോലീസ് അറിയിച്ചു.

ലോറൻസ് ബിഷ്ണോയ് ഗ്രൂപ്പുമായി ബന്ധമുള്ള ഗോൾഡി ബ്രാർ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് രംഗത്തെത്തിയിരുന്നു. അഞ്ചുദിവസം മുൻപാണ് ദിഷയുടെ ഉത്തർപ്രദേശിലെ ബറേലിയിലെ വീടിന് നേരെ ആക്രമണമുണ്ടായത്.നടിയുടെ സഹോദരി നടത്തിയ വിവാദ പ്രസ്താവനയാണ് ആക്രമണത്തിലേക്ക് നയിച്ചതെന്നായിരുന്നു റിപ്പോർട്ടുകൾ.

സെപ്റ്റംബർ 12ന് പുലർച്ചയാണ് ബറേലിയിലെ സിവിൽ ലൈൻസ് പ്രദേശത്തുള്ള ദിഷയുടെ വസതിയിൽ വെടിവയ്പ്പുണ്ടായത്. നടിയുടെ പിതാവ് റിട്ട. പോലീസ് സൂപ്രണ്ട് ജഗദീഷ് സിംഗ് പഠാനി, മാതാവ്, സഹോദരി ഖുഷ്ബു പഠാനി എന്നിവർ താമസിക്കുന്ന വീട്ടിലാണ് ആക്രമണമുണ്ടായത്.

ആക്രമണം നടന്നതിന് പിന്നാലെ ഗോൾഡി ബ്രാർ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് രംഗത്തെത്തിയിരുന്നു. സന്യാസിമാരായ പ്രേമാനന്ദ് മഹാരാജിനെയും അനിരുദ്ധാചാര്യ മഹാരാജിനെയും കുറിച്ച് നടത്തിയ പരാമർശങ്ങളിൽ പ്രതിഷേധിച്ചാണ് ആക്രമണം നടത്തിയതെന്നാണ് ഗോൾഡി ബ്രാർ പറഞ്ഞത്.യുപി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നോയിഡ യൂണിറ്റും ഡൽഹി പോലീസിന്റെ ക്രൈം ഇൻറലിജൻസ് യൂണിറ്റും സംയുക്തമായി നടത്തിയ ഓപ്പറേഷനിടെയാണ് ഏറ്റുമുട്ടലുണ്ടായത്.

അക്രമികൾ പോലീസിനു നേരെ വെടിയുതിർത്തെന്നും അത് തടയുന്നതിനിടെയാണ് പ്രതികൾക്ക് വെടിയേറ്റതെന്നും പോലീസ് അറിയിച്ചു. ഇവരെ ഉടൻ തന്നെ പോലീസ് കസ്റ്റഡിയിൽ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും മരിച്ചു. റോഹ്തക്കിൽ നിന്നുള്ള രവീന്ദ്ര, സോണിപത് സ്വദേശി അരുൺ എന്നിവരാണ് കൊല്ലപ്പെട്ട പ്രതികൾ.

# ബിഹാറിൽ തൊഴിൽ രഹിതരായ ബിരുദധാരികൾക്ക് പ്രതിമാസം 1,000 രൂപ അലവൻസ്

പാറ്റ്ന: ബിഹാർ നിയമസഭ തെരഞ്ഞെടുപ്പിന് മുന്നോടിയായി യുവാക്കളെ ലക്ഷ്യമിട്ട് പുതിയ ധനസഹായ പദ്ധതി അവതരിപ്പിച്ച് മുഖ്യമന്ത്രി നിതീഷ് കുമാർ. സംസ്ഥാനത്തെ തൊഴിൽ രഹിതരായ ബിരുദധാരികൾക്ക് പ്രതിമാസം 1,000 രൂപ അലവൻസായി നൽകുന്നതാണ് പദ്ധതി.

തന്റെ എക്സ് അക്കൗണ്ടിലൂടെയാണ് നിതീഷ് കുമാർ പ്രഖ്യാപനം നടത്തിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായി ഉയർത്തിക്കാട്ടുന്ന ഏഴ് നിശ്ചയ് പദ്ധതികളുടെ ഭാഗമായാണ് പുതിയ പ്രഖ്യാപനം.

ബിരുദധാരികളായ 20നും 25നും ഇടയിൽ പ്രായമുള്ള തുടർപഠനം നടത്താൻ സാധിക്കാത്ത യുവാക്കൾക്കാണ് പദ്ധതി പ്രകാരം അലവൻസ് എന്ന നിലയിൽ പ്രതിമാസം ആയിരം രൂപ നൽകുക. ഇത്തരത്തിൽ രണ്ട് വർഷം വരെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകും.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കൾക്ക് സർക്കാർ ജോലി നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ഇതോടൊപ്പം സ്വകാര്യമേഖലയിൽ വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും അദേഹം വ്യക്തമാക്കി.

നിതീഷ് കുമാർ സർക്കാർ നേരത്തെ ഇത്തരത്തിൽ സംസ്ഥാനത്തെ നിർമാണ തൊഴിലാളികൾക്ക് 5,000 രൂപ സാമ്പത്തിക സഹായം നൽകിയിരുന്നു. അതേസമയം ഇതെല്ലാം തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള പ്രകടനങ്ങളാണെന്നാണ് പ്രതിപക്ഷ ആരോപണം.

# മുത്തങ്ങയിൽ നേരിട്ടത് കൊടിയമർദനം; മാപ്പ് അർഹിക്കുന്നില്ല: സി. കെ. ജാനു

കൽപ്പറ്റ: മുത്തങ്ങ സംഭവത്തിൽ എ. കെ. ആൻറണിക്ക് മറുപടിയുമായി സി. കെ. ജാനു. വൈകിയ വേളയിലാണെങ്കിലും പോലീസ് നടപടി തെറ്റായിപ്പോയെന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. മാപ്പ് പറയുന്നതിനേക്കാൾ വേണ്ടത് ആളുകൾക്ക് ഭൂമി നൽകയെന്നതാണ്. മുത്തങ്ങയിലെ പോലീസ് നടപടിയിൽ എ. കെ. ആൻറണി കഴിഞ്ഞ ദിവസം ഖേദം പ്രകടിപ്പിച്ചിരുന്നു. ഇതിനു മറുപടിയായിട്ടാണ് ജാനു രംഗത്തെത്തിയത്. വെടിവെപ്പ് ഒഴിവാക്കാൻ സർക്കാരിന് കഴിയുമായിരുന്നു. കുട്ടികൾ ഉൾപ്പെടെയുള്ളവർ ക്രൂരമായ പീഡനത്തിന് വിധേയമായി. അറസ്റ്റ് വരിക്കാൻ എല്ലാവരും തയാറായിരുന്നു. എന്നാൽ അത് ചെയ്യാതെ വെടിവെപ്പിലേക്ക് സർക്കാർ പോവുകയായിരുന്നു. അന്നത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും തങ്ങൾക്ക് എതിരായിരുന്നു. മുത്തങ്ങ സംഭവത്തിൽ എത്ര കാലം കഴിഞ്ഞാലും മാപ്പ് അർഹിക്കുന്നില്ല. യുഡിഎഫ് ഗവൺമെൻറ് മാത്രമല്ല അന്നത്തെ പ്രതിപക്ഷ പാർട്ടികളും ആദിവാസികൾക്കെതിരായിരുന്നുവെന്ന് സി. കെ. ജാനു പറഞ്ഞു.

# ഓൺലൈനായി വോട്ട് നീക്കം ചെയ്യാൻ കഴിയില്ല; രാഹുൽ ഗാന്ധിയെ തള്ളി തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടിയുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ. രാഹുലിന്റെ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണ്. ഓൺലൈനായിട്ട് വോട്ട് നീക്കം ചെയ്യാൻ കഴിയില്ല.

വോട്ട് നീക്കം ചെയ്യുന്നതിന് മുമ്പ് ആ വ്യക്തിക്ക് പറയാനുള്ളത് കേൾക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി. അലന്ദ് നിയമസഭാ മണ്ഡലത്തിൽ വോട്ടുകൾ നീക്കം ചെയ്യാൻ വിഫലശ്രമങ്ങൾ നടന്നു. ഈ വിഷയം അന്വേഷണം നടക്കുകയാണെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

അലന്ദ് മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ നിന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ആറായിരത്തോളം പേരെ നീക്കിയതായി രാഹുൽ ഗാന്ധി ആരോപിച്ചിരുന്നു. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരേയും രാഹുൽ ഗാന്ധി വിമർശനം ഉന്നയിച്ചിരുന്നു.

ഇതിനു മറുപടിയായിട്ടാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ രംഗത്തെത്തിയത്. ജനാധിപത്യത്തെ തകർക്കുന്നവരെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ സംരക്ഷിക്കുകയാണെന്നും രാഹുൽ ഗാന്ധി ആരോപിച്ചിരുന്നു.

# അതിരൂക്ഷ വിലക്കയറ്റം; അടിയന്തര പ്രമേയ ചർച്ച തുടങ്ങി

തിരുവനന്തപുരം: സംസ്ഥാനത്ത് വർധിച്ചുവരുന്ന വിലക്കയറ്റത്തെക്കുറിച്ച് സഭയിൽ അടിയന്തര പ്രമേയ ചർച്ച തുടങ്ങി. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പി. സി. വിഷ്ണുനാഥ് എംഎൽഎയാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. നോട്ടീസ് നൽകിയപ്പോൾ ചില മന്ത്രിമാർ തന്നെ പരിഹസിച്ചുവെന്ന് പി. സി. വിഷ്ണുനാഥ് പറഞ്ഞു. വെളിച്ചെണ്ണ വിലക്കയറ്റം അതിരൂക്ഷമാണ്. പപ്പടത്തിന് വെളിച്ചെണ്ണയിലേക്ക് എത്താൻ ഇനിയും കാത്തിരിക്കേണ്ടിവരും. സപ്ലൈക്കോയടക്കം എല്ലാ സംവിധാനങ്ങളും പരാജയമാണ്. 420 കോടി ആവശ്യപ്പെട്ടതിൽ പകുതി പോലും അനുവദിച്ചിട്ടില്ല. ശരിക്കും സിപിഐക്കാർ അവതരിപ്പിക്കേണ്ട പ്രമേയമാണിതെന്നും പി. സി. വിഷ്ണുനാഥ് പറഞ്ഞു. തുടർച്ചയായി മൂന്നാംദിവസമാണ് സഭയിൽ അടിയന്തര പ്രമേയ ചർച്ച നടക്കുന്നത്. സഭാസമ്മേളനത്തിന്റെ ആദ്യദിവസം പോലീസ് മർദനവും ബുധനാഴ്ച അമീബിക് മസ്തിഷ്ക ജ്വരം വർധിച്ച സാഹചര്യവുമാണ് ചർച്ച ചെയ്തത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മുത്തങ്ങ വിഷയം: കൂടുതൽ പ്രതികരണങ്ങൾക്കില്ല, അടഞ്ഞ അധ്യായമാണെന്ന് എ. കെ. ആൻറണി

തിരുവനന്തപുരം: മുത്തങ്ങയിലെ പോലീസ് വെടിവയ്പ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ കൂടുതൽ പ്രതികരണങ്ങൾക്കില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ എ. കെ. ആൻറണി. റണ്ണിംഗ് കമൻററിക്കില്ല. പറയാനുള്ളത് ബുധനാഴ്ച പറഞ്ഞെന്നും അത് അടഞ്ഞ അധ്യായമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തന്റെ വാർത്താസമ്മേളനം പാർട്ടിയെ പ്രതിസന്ധിയിൽ ആക്കിയിട്ടില്ല. അപ്രിയ സത്യങ്ങൾ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ തുറന്നു പറയാനും പറയാതിരിക്കാനും സാധ്യതയുണ്ട്. ഇനിയും മറ്റു വിഷയങ്ങളിൽ മാധ്യമങ്ങളെ കാണുമെന്നും ആൻറണി വ്യക്തമാക്കി.

അതേസമയം, എ. കെ. ആൻറണിയുടെ വാർത്താസമ്മേളനത്തെ ചൊല്ലി കോൺഗ്രസിൽ ഭിന്നാഭിപ്രായമാണ്. വാർത്താസമ്മേളനം നേട്ടമായെന്ന് ഒരു വിഭാഗവും പാർട്ടിക്ക് ക്ഷീണമായെന്ന് മറ്റൊരു വിഭാഗം നേതാക്കളും അഭിപ്രായ പ്രകടനങ്ങളുമായി രംഗത്തെത്തിയതാണ് പുതിയ വിവാദം. ശിവഗിരിയിലെ പോലീസ് നടപടി, മുത്തങ്ങയിലെ വെടിവയ്പ്പ്, മാറാട് കലാപം ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആൻറണി വാർത്താസമ്മേളനം നടത്തുകയും പല നടപടികളിലും വിഷമവും വേദനയും ഉണ്ടാക്കിയെന്നും മറ്റ് മാർഗങ്ങളില്ലാത്തതിനാലാണ് നടപടികളിലേക്ക് പോയതെന്നും വിശദീകരിച്ചിരുന്നു.

മുഖ്യമന്ത്രി പിണറായി വിജയൻ കഴിഞ്ഞ ദിവസം യുഡിഎഫ് സർക്കാരിന്റെ കാലത്തെ പോലീസ് നടപടികളെക്കുറിച്ച് നടത്തിയ പരാമർശങ്ങൾക്ക് മറുപടിയായാണ് ആൻറണി വാർത്താസമ്മേളനം വിളിച്ച് മറുപടി പറഞ്ഞത്. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള പാർട്ടിയിലെ മുതിർന്ന നേതാക്കൾ ആൻറണിക്ക് അനുകൂല നിലപാടുമായി രംഗത്തെത്തി. പോലീസ് വെടിവയ്പ്പുകളെക്കുറിച്ച് സംസാരിക്കുകയാണെങ്കിൽ പല വെടിവയ്പ്പുകളും ചർച്ച ചെയ്യേണ്ടി വരും. ചെറിയതുറ വെടിവയ്പ്പ് എങ്ങനെ സംഭവിച്ചുവെന്നു മറുപടി പറയേണ്ടി വരുമെന്നും തിരുവഞ്ചൂർ പറഞ്ഞു.

അതേസമയം മുത്തങ്ങയിലെ വെടിവയ്പ്പിന് മാപ്പില്ലെന്ന് ആദിവാസി നേതാവ് സി. കെ. ജാനു അഭിപ്രായപ്പെട്ടു. സമരക്കാർ എല്ലാവരും അറസ്റ്റ് വരിക്കാൻ തയാറായ സാഹചര്യത്തിലായിരുന്നു വെടിവയ്പ്പ്. കുട്ടികൾ ഉൾപ്പെടെയുള്ളവർ ക്രൂരപീഡനത്തിനിരയായെന്നും ജാനു അഭിപ്രായപ്പെട്ടു.

# തദ്ദേശസ്വയംഭരണ പൊതുതെരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ചായിരിക്കും നടത്തുക: സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം: വരുന്ന തദ്ദേശസ്വയംഭരണ പൊതുതെരഞ്ഞെടുപ്പ് സമ്പൂർണമായും ഹരിതചട്ടം പാലിച്ചും, പരിസ്ഥിതി സൗഹൃദമായും നടത്തുന്നതിന് സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത തദ്ദേശസ്വയംഭരണവകുപ്പിലെ വിവിധ ഏജൻസികളുടെ യോഗം തീരുമാനിച്ചു.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇതു സംബന്ധിച്ച കർമ്മപരിപാടിക്ക് രൂപം നൽകി. പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശമുണ്ടെങ്കിൽ, അവ നൽകുന്നതിന് ഒക്ടോബർ 10 വരെ അവസരമുണ്ടാകും.

തദ്ദേശസ്വയംഭരണവകുപ്പ്, ശുചിത്വമിഷൻ, ക്ളീൻ കേരള കമ്പനി, കുടുംബശ്രീ, ഹരിതകർമസേന എന്നിവയുടെ പങ്കാളിത്തത്തോടെ തിരഞ്ഞെടുപ്പ് പ്രഖ്യാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുവെന്നുറപ്പ് വരുത്തും.

ഇതിനായി തെരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും, ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും നിരീക്ഷണസമിതികൾ രൂപീകരിക്കാനും യോഗം തീരുമാനിച്ചു. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനകേന്ദ്രങ്ങൾ, ഓഫീസുകൾ, തെരഞ്ഞെടുപ്പ് വിതരണകേന്ദ്രങ്ങൾ, പോളിംഗ് സ്റ്റേഷനുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവടങ്ങളിലെല്ലാം ഹരിതചട്ടം കർശനമായി പാലിക്കണം.

ഇവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ഉടൻതന്നെ നീക്കം ചെയ്യാനായി ഹരിതകർമസേനയുടെയും ക്ളീൻകേരള കമ്പനിയുടെയും സേവനം പ്രയോജനപ്പെടുത്തും. പരിസ്ഥിതി സൗഹൃദമായ രീതിയിൽ ഭക്ഷണവിതരണം നടത്താനായി കുടുംബശ്രീയെ ചുമതലപ്പെടുത്തും.

സ്ഥാനാർഥികൾ, രാഷ്ട്രീയപാർട്ടികൾ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം തിരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കുന്നതിന് ഒരു പോലെ ഉത്തരവാദിത്വമുണ്ട്. ഇതിനായി പ്രത്യേക നിർദേശങ്ങൾ നൽകും.

പ്രചാരണത്തിനായി ഉപയോഗിക്കുന്ന അച്ചടിസാമഗ്രികളിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ചിട്ടില്ലെന്ന് രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളും ഉറപ്പാക്കണം. നിരോധിത വസ്തുക്കൾ ഉപയോഗിച്ചതായി കണ്ടെത്തിയാൽ പിഴ ഈടാക്കും.

# തിരുവനന്തപുരത്ത് സ്കൂൾ വാൻ മോഷ്ടിച്ച സംഭവം; നാല് യുവാക്കൾ അറസ്റ്റിൽ

തിരുവനന്തപുരം: സ്കൂളിലെ കുട്ടികളെ കൊണ്ടുപോകുന്ന സ്വകാര്യ മിനി വാൻ മോഷ്ടിച്ച കേസിൽ നാല് യുവാക്കൾ അറസ്റ്റിൽ. ഊരൂട്ടുമ്പലം ഗവ. എൽപി സ്കൂളിലെ കുട്ടികളെ കൊണ്ടുപോകുന്ന സ്വകാര്യ മിനി വാൻ മോഷ്ടിച്ച കേസിലാണ് യുവാക്കൾ അറസ്റ്റിലായത്.ഊരൂട്ടുമ്പലം വേലിക്കോട് സ്വദേശികളായ അഖിൽ ബാബു (20), എസ്. ജയസൂര്യ (18), കിടാപള്ളി സ്വദേശി ജെ. സജിൻ (21) എന്നിവരും പ്രായപൂർത്തിയാകാത്ത ഒരാളുമാണ് പിടിയിലായത്. മാറനല്ലൂർ പോലീസാണ് ഇവരെ അറസ്റ്റ് ചെയ്തത്.

മുക്കം പാലാമൂട് സ്വദേശി ഫിലോമിനയുടെ ഉടമസ്ഥതയിലുള്ള മഹേന്ദ്ര വാൻ ചൊവ്വാഴ്ച പുലർച്ചെയാണ് മോഷണം പോയത്. കഴിഞ്ഞ ഒരു മാസമായി നീറാമൺകുഴിയിലുള്ള അജു എന്നയാൾ വാടകയ്ക്ക് എടുത്താണ് ഈ വാഹനം സ്കൂൾ കുട്ടികളെ കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്നത്.ഊരൂട്ടുമ്പലം ജംഗ്ഷനിലാണ് വാൻ പാർക്ക് ചെയ്തിരുന്നത്. ചൊവ്വാഴ്ച രാവിലെ 7:30ന് വാഹനം എടുക്കാനെത്തിയപ്പോഴാണ് അജു മോഷണവിവരം അറിയുന്നത്.

തുടർന്ന് സമീപത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച ശേഷം മാറനല്ലൂർ പോലീസിൽ പരാതി നൽകി. പോലീസ് അന്വേഷണം ആരംഭിച്ചതിനിടെ, സംശയം തോന്നിയ നാട്ടുകാർ നെയ്യാറ്റിൻകരയിൽ വെച്ച് ഇവരെ തടഞ്ഞുവച്ച് പോലീസിന് കൈമാറുകയായിരുന്നു. കോവളം കാണാനാണ് വാഹനം മോഷ്ടിച്ചതെന്ന് പ്രതികൾ പോലീസിനോട് സമ്മതിച്ചു.

# 'വിഷൻ 2031' ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു

### വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളും ഭാവി വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് 33 സെമിനാറുകൾ സംഘടിപ്പിക്കും

കേരളത്തിന്റെ ഭാവി വികസനത്തിന് ദിശാബോധം നൽകുന്ന 'വിഷൻ 2031' സെമിനാറുകളുടെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സെക്രട്ടേറിയറ്റ് ക്യാബിനറ്റ് റൂമിൽ വകുപ്പ് മന്ത്രിമാരുടേയും ചിഫ് സെക്രട്ടറിയുടെയും സാന്നിധ്യത്തിലാണ് ലോഗോ പ്രകാശനം ചെയ്തത്.കേരളത്തിന്റെ ഭാവി വികസനവുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ സ്വരൂപിക്കുക, രൂപരേഖ തയ്യാറാക്കുക തുടങ്ങിയവയാണ് 'വിഷൻ 2031' സെമിനാറുകൾ പ്രധാനമായും ലക്ഷ്യമിടുന്നത്.

സംസ്ഥാന രൂപീകരണത്തിന്റെ 75-ാം വാർഷികം 2031-ൽ ആഘോഷിക്കുമ്പോൾ കേരളം എവിടെ എത്തിനിൽക്കണമെന്നതും മുന്നോട്ടുള്ള വികസനത്തിനുള്ള ദിശാബോധം നൽകുന്നതുമായിരിക്കും സെമിനാറുകളിലെ ചർച്ചകൾ. 2031 ഓടെ കേരളം എങ്ങനെയായിരിക്കണം, പ്രധാന മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളുണ്ടാകണം എന്നതിനെക്കുറിച്ച് ആശയങ്ങൾ സ്വരൂപിക്കും.ഒക്ടോബർ മാസത്തിൽ വിവിധ വിഷയങ്ങളിലായി വകുപ്പ് മന്ത്രിമാരുടെ പങ്കാളിത്തത്തോടുകൂടി 33 സെമിനാറുകളാണ് സംഘടിപ്പിക്കുന്നത്. അതാത് വകുപ്പുകളിൽ കഴിഞ്ഞ 10 വർഷത്തെ വികസന പ്രവർത്തനങ്ങളും വരും വർഷങ്ങളിലേക്കുള്ള വികസന ലക്ഷ്യങ്ങളും ചർച്ചയാകും.ഏകദേശം 1,000 പേർ വരെ പങ്കെടുക്കുന്ന സെമിനാറുകളിൽ വിവിധ മേഖലകളിലെ പ്രതിനിധികൾ ഉൾപ്പെടും. ഗവേഷകർ, വ്യവസായികൾ, ഡോക്ടർമാർ, എൻജിനീയർമാർ, കർഷകർ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയർ പങ്കെടുക്കും. സെമിനാറുകളിലെ ആശയങ്ങൾ സമന്വയിപ്പിച്ച് സംസ്ഥാനതല നയരേഖ രൂപീകരിക്കുകയാണ് പ്രധാന ലക്ഷ്യം. ഇത് കേരളത്തിന്റെ വികസന പ്രയാണത്തിന് ദിശാബോധം നൽകും.

## പാൽ വില വർധിപ്പിക്കും; നടപടികൾ പൂർത്തിയായി വരുന്നു: മന്ത്രി ജെ. ചിഞ്ചുറാണി

തിരുവനന്തപുരം: ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുന്ന തരത്തിൽ സംസ്ഥാനത്ത് പാൽ വില വർധിപ്പിക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. തോമസ് കെ. തോമസ് എംഎൽഎയുടെ സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി. മിൽമയ്ക്കാണ് പാൽവില വർധിപ്പിക്കാനുള്ള അധികാരമുള്ളത്. ഇതിനുള്ള നടപടികൾ പൂർത്തിയായി വരികയാണെന്നും മന്ത്രി പറഞ്ഞു.

പാലിന് ഏറ്റവും കൂടുതൽ വില കൊടുക്കുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി പറഞ്ഞു. അയൽസംസ്ഥാനങ്ങളിൽ അധികമായിട്ടുള്ള പാൽ കുറഞ്ഞ നിരക്കിൽ കേരളത്തിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ദിവസം 2.64 ലക്ഷം പാലാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തതയെന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനത്തിലാണ് മിൽമയും ക്ഷീരവികസനവകുപ്പും. 2024 -2025 വർഷത്തിൽ ക്ഷീര കർഷകർക്ക് നേരിട്ട് പ്രയോജനപ്പെടുന്ന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

## പാലിയേക്കരയിൽ ടോൾ വിലക്ക് തുടരും; തിങ്കളാഴ്ചയോടെ തീരുമാനമെടുക്കാമെന്ന് ഹൈക്കോടതി

തൃശൂർ: പാലിയേക്കരയിൽ ടോൾ വിലക്ക് തുടരും. ടോൾ പിരിവ് വിലക്കിൽ തിങ്കളാഴ്ചയോടെ തീരുമാനമെടുക്കാമെന്ന് ഹൈക്കോടതി വ്യക്തമാക്കി. ഇത് സംബന്ധിച്ച് ഹർജി വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും. ഇടക്കാല ഉത്തരവ് വേണമോ എന്ന കാര്യമാണ് കോടതി പരിഗണിക്കുക. വിഷയത്തിൽ ജില്ലാ കളക്ടർ ഇന്നും ഹാജരായി. ഇടക്കാല ഗതാഗത കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കാൻ സമയം വേണമെന്ന് കോടതി വ്യക്തമാക്കി.

ഇടപ്പള്ളി- മണ്ണുത്തി പാതയിലെ പ്രശ്നങ്ങൾ പരിഹരിച്ചെന്നും ജോലികൾ അതിവേഗം പുരോഗമിക്കുന്നുണ്ടെന്നും ദേശീയപാത അതോറിറ്റി അറിയിച്ചു. ഇടപ്പള്ളി മണ്ണുത്തി ദേശീയപാതയിലെ ഗതാഗതക്കുരുക്കും പ്രശ്നങ്ങളും ഭാഗികമായി പരിഹരിച്ചുവെന്ന റിപ്പോർട്ടാണ് മോണിറ്ററിംഗ് കമ്മറ്റിയും തൃശൂർ ജില്ലാ കളക്ടറും കഴിഞ്ഞ ദിവസം കോടതിയിൽ സമർപ്പിച്ചത്. എന്നാൽ റിപ്പോർട്ട് അപൂർണമാണെന്ന് കാണിച്ച് വ്യാഴാഴ്ച വരെ ടോൾ പിരിവ് തടഞ്ഞിരുന്നു. തുടർന്നാണ് ഇന്ന് വീണ്ടും റിപ്പോർട്ട് സമർപ്പിച്ചത്.

## വിലക്കയറ്റം ചർച്ച ചെയ്യാൻ നിയമസഭ; മൂന്നാം ദിവസവും അടിയന്തര പ്രമേയ ചർച്ച

തിരുവനന്തപുരം: നിയമസഭയിൽ തുടർച്ചയായ മൂന്നാം ദിവസവും അടിയന്തര പ്രമേയത്തിൽ ചർച്ച. സംസ്ഥാനത്തെ വിലക്കയറ്റം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ എംഎൽഎ പി. സി. വിഷ്ണുനാഥ് ആണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്.

ഉച്ചയ്ക്ക് 12 മുതൽ രണ്ട് മണിക്കൂർ നീളുന്ന ചർച്ചയാണ് സഭയിൽ നടക്കുക. സഭാസമ്മേളനത്തിന്റെ ആദ്യദിവസം പോലീസ് മർദനവും ബുധനാഴ്ച അമീബിക് മസ്തിഷ്ക ജ്വരം വർധിച്ച സാഹചര്യവുമാണ് ചർച്ച ചെയ്തത്. അതേസമയം, ഇന്ന് 2025ലെ കേരള വനഭേദഗതി ബിൽ, വന്യജീവി സംരക്ഷണം കേരള ഭേദഗതി ബിൽ, കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ബിൽ എന്നിവയും സഭയിൽ അവതരിപ്പിക്കും.

# കേരളത്തെ നോഡൽ സംസ്ഥാനമാക്കിയത് ആയുഷ് മേഖലയിൽ നടപ്പിലാക്കുന്ന നൂതന സംരംഭങ്ങൾക്കുള്ള അംഗീകാരം: മന്ത്രി വീണാ ജോർജ്

### ആയുഷ് മേഖലയെ കൂടുതൽ ജനകീയമാക്കുന്നതിന് നൂതന വിവര സാങ്കേതികവിദ്യാ ഇടപെടലുകൾ അനിവാര്യം
### ആയുഷ് മേഖലയിലെ ഐടി പരിഹാരമാർഗങ്ങൾ: ദ്വിദിന ദേശീയ ശിൽപ ശാലയ്ക്ക് തുടക്കം

ആയുഷ് മേഖലയിൽ നടപ്പിലാക്കുന്ന നൂതന സംരംഭങ്ങൾക്കുള്ള അംഗീകാരമാണ് 'ആയുഷ് മേഖലയിൽ നടപ്പിലാക്കിയ വിവര സാങ്കേതികവിദ്യാ സേവനങ്ങൾ' എന്ന വിഷയത്തിൽ കേരളത്തെ നോഡൽ സംസ്ഥാനമാക്കിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നീതി ആയോഗ് വിളിച്ചു ചേർത്ത നാലാമത് ചീഫ് സെക്രട്ടറിമാരുടെ സമ്മേളനത്തിലാണ് കേരളത്തെ നോഡൽ സംസ്ഥാനമായി തെരഞ്ഞെടുത്തത്. അതിന്റെയടിസ്ഥാനത്തിലാണ് കേരളത്തിന്റെ നേതൃത്വത്തിൽ ദേശീയ ശില്പശാല സംഘടിപ്പിക്കാനുള്ള വേദിയൊരുങ്ങിയത്. ഡിജിറ്റൽ സാങ്കേതികവിദ്യയിലും ആരോഗ്യ സംരക്ഷണ നവീകരണത്തിലും സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ മുന്നേറ്റങ്ങളെ ഈ അംഗീകാരം പ്രതിഫലിപ്പിക്കുന്നതായും മന്ത്രി പറഞ്ഞു. കോട്ടയം കുമരകത്ത് നടക്കുന്ന 'ആയുഷ് മേഖലയിൽ വിവരസാങ്കേതിക മുന്നേറ്റം' ദ്വിദിന ദേശീയ ശില്പശാല ഓൺലൈൻ വഴി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ആഗോള തലത്തിൽ ഗുണനിലവാരമുള്ളതും വിശ്വസനീയവും താങ്ങാനാവുന്നതുമായ ആയുഷ് സ്ഥാപനങ്ങൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. ആയുഷ് ചികിത്സാ മേഖലയെ കൂടുതൽ ജനകീയമാക്കുന്നതിന് നൂതന വിവരസാങ്കേതിക വിദ്യാ ഇടപെടലുകൾ അനിവാര്യമാണ്. ആയുഷ് സ്ഥാപനങ്ങൾക്ക് ദേശവ്യാപകമായി ഏകീകൃത മാനദണ്ഡം കാലഘട്ടത്തിന്റെ ആവശ്യമാണ്. 3500 വർഷങ്ങൾ പിന്നിട്ട പൗരാണിക വിജ്ഞാനവും ആധുനിക സാങ്കേതികവിദ്യയും സമന്വയിക്കുന്നതോടെ ഈ രംഗത്ത് മികച്ച മുന്നേറ്റം നടത്താനാകുമെന്നും മന്ത്രി വ്യക്തമാക്കി.

ആയുഷ് ചികിത്സാ രീതികൾക്ക് രാജ്യവ്യാപകമായി പ്രചാരം ലഭിക്കുന്നതിന് സംസ്ഥാനങ്ങളുടെ സഹകരണവും ഡിജിറ്റൽ വിടവ് നികത്തുന്നതും അനിവാര്യമാണെന്ന് കുമരകത്ത് ആരംഭിച്ച ദേശീയ ശിൽപശാല അഭിപ്രായപ്പെട്ടു. ദേശീയ ആയുഷ് മിഷൻ കേരളയും സംസ്ഥാന ആയുഷ് വകുപ്പും കേന്ദ്ര ആയുഷ് മന്ത്രാലയവും സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചത്. 29 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലെ പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുക്കുന്നു.

കേന്ദ്ര ആയുഷ് സെക്രട്ടറി വൈദ്യ രാജേഷ് കൊടേച, കേന്ദ്ര ആയുഷ് മന്ത്രാലയ ജോ. സെക്രട്ടറി കവിത ജെയിൻ, മന്ത്രാലയ ഉപദേശകൻ ഡോ. എ രഘു, ഉത്തർപ്രദേശ് ആയുഷ് പ്രിൻസിപ്പൽ സെക്രട്ടറി രഞ്ജൻ കുമാർ, ആയുഷ് മന്ത്രാലയ ഡയറക്ടർ സുബോധ് കുമാർ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു, ഹോമിയോപതി മെഡിക്കൽ എജ്യുക്കേഷൻ കൺട്രോളിംഗ് ഓഫീസറും പ്രിൻസിപ്പലുമായ ഡോ. ടി കെ വിജയൻ തുടങ്ങിയവർ സംസാരിച്ചു.

## സ്ത്രീവിരുദ്ധതയുടെ ജീർണിച്ച രാഷ്ട്രീയത്തെ പരാജയപ്പെടുത്തുക തന്നെ ചെയ്യും: കെ. ജെ. ഷൈൻ ടീച്ചർ

കൊച്ചി: സ്ത്രീവിരുദ്ധതയുടെ ജീർണിച്ച രാഷ്ട്രീയത്തെ കേരള സമൂഹം പരാജയപ്പെടുത്തുക തന്നെ ചെയ്യുമെന്ന് പറവൂർ നഗരസഭ കൗൺസിലറും എൽഡിഎഫ് ലോക്സഭ സ്ഥാനാർത്ഥിയുമായിരുന്ന കെ. ജെ. ഷൈൻ ടീച്ചർ.

സിപിഎം വനിത നേതാവിന്റെ വീട്ടിൽ കയറിയ എംഎൽഎയെ ഭർത്താവും നാട്ടുകാരും ചേർന്ന് പിടികൂടിയെന്ന തലക്കെട്ടോടെ പ്രമുഖ മലയാളം ദിനപത്രത്തിൽ വന്ന വാർത്തയ്ക്ക് പിന്നാലെയാണ് ഷൈൻ ടീച്ചർ വിമർശനവുമായി രംഗത്തെത്തിയത്. പ്രമുഖ ദിനപത്രത്തിലെ വാർത്തയ്ക്ക് പിന്നാലെ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന അപവാദങ്ങൾ മാനസികമായും സാമൂഹ്യമായും ഒരു വ്യക്തിയെ മാത്രമല്ല വേദനിപ്പിക്കുന്നത്, കൂടെയുള്ള ജീവിത പങ്കാളിയെയും മക്കളെയും ബന്ധുക്കളെയും സ്നേഹിതരെയും സഹപ്രവർത്തകരെയും ബാധിക്കുമെന്നും ഷൈൻ ടീച്ചർ ഫേസ്ബുക്കിൽ കുറിച്ചു.

ജീർണതയുടെ, ഭീരുത്വത്തിന്റെ രാഷ്ട്രീയത്തെ നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്ന് വ്യക്തമാക്കുന്ന കുറിപ്പിൽ പൊതുപ്രവർത്തനത്തിനിറങ്ങുന്ന സ്ത്രീകൾക്കെതിരായി മ്ലേച്ഛമായ കുപ്രചാരണം നടത്തുന്നവർ എത്ര വികൃത മനസ്കരാണെന്നും ചോദിക്കുന്നു. തന്റെ പേരും ചിത്രവും വെച്ച് അപമാനിക്കാൻ ശ്രമിച്ച വലതുപക്ഷ സാമൂഹ്യ മാധ്യമ ഹാൻഡിലുകൾക്കും മാധ്യമങ്ങൾക്കുമെതിരെ മുഖ്യമന്ത്രിയ്ക്കും പോലീസ് മേധാവിയ്ക്കും വനിതാ കമ്മീഷനും പരാതി നൽകുമെന്നും ഷൈൻ ടീച്ചർ വ്യക്തമാക്കി.

## ആറളത്ത് വീണ്ടും കാട്ടാനയുടെ ആക്രമണം; വിദ്യാർഥി രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

ഇരിട്ടി: ആറളം പുനരധിവാസ മേഖലയിൽ ആനയുടെ ആക്രമണത്തിൽനിന്ന് വിദ്യാർഥി അദ്ഭുതകരമായി രക്ഷപ്പെട്ടു. ബ്ലോക്ക് ഒൻപതിൽ രാവിലെ ഏഴരയോടെയാണു സംഭവം. ബ്ലോക്ക് ഒമ്പതിലെ താമസക്കാരനായ സി. കെ. ആദിത്താണ് (17) ആനയുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെട്ടത്. ആദിത്തിനുനേരെ ആന ചിന്നംവിളിച്ച് ഓടിയടുക്കുകയായിരുന്നു.

ആന വരുന്നത് കണ്ട ആദിത്ത് സമീപത്തെ ബാബു ജാനകിയുടെ വീട്ടിലേക്ക് ഓടിക്കയറി രക്ഷപ്പെടുകയായിരുന്നു. ആന പോയി എന്ന് ഉറപ്പിച്ച ശേഷം മറ്റൊരു വഴിയിലൂടെയാണ് ആദിത്ത് കോളജിലേക്ക് പോയത്. കാക്കയങ്ങാടുള്ള ഐടിഐ വിദ്യാർഥിയാണ് ആദിത്ത്. രാവിലെ കോളജിലേക്ക് പോകുന്ന വഴിയാണ് ആനയുടെ മുൻപിൽപ്പെട്ടത്. ആനയുടെ ചിന്നംവിളി കേട്ടയുടനെ സമീപത്തെ വീട്ടിലേക്ക് ഓടിക്കയറുകയായിരുവെന്ന് ആദിത്ത് പറഞ്ഞു.

ജോലിക്ക് പോകുന്നവരും വിദ്യാർഥികളും വയസായവരും ഉൾപ്പെടെ നിരവധിപേർ ഇതുവഴി ദിവസവും യാത്ര ചെയ്യുന്നുണ്ട്. ഇവരുടെയെല്ലാം ജീവൻ അപകടത്തിലാകുന്ന വിധത്തിൽ ആനകൾ മേഖലയിൽ തമ്പടിച്ചിരിക്കുകയാണെന്ന് നാട്ടുകാർ പറഞ്ഞു.

## സതീശൻ അഹങ്കാരത്തിന് കൈയും കാലും വച്ച നേതാവ്: വെള്ളാപ്പള്ളി നടേശൻ

അടൂർ: പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയാകാനുള്ള റിഹേഴ്സലിലാണെന്നും അദ്ദേഹത്തെപ്പോലെ അഹങ്കാരത്തിനു കൈയും കാലുംവച്ച ഒരു നേതാവിനെ കണ്ടിട്ടില്ലെന്നും എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. അടൂരിൽ എസ്എൻഡിപി യൂണിയൻ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമുദായത്തിൽപെട്ടവർ അധികാരത്തിൽ വരണമെന്നതാണ് എസ്എൻഡിപിയുടെ ആഗ്രഹം. ഗൗരിയമ്മ മുഖ്യമന്ത്രിയാകുമെന്നായപ്പോൾ ജാതി പറഞ്ഞ് അവരെ ആക്ഷേപിച്ചു. പിണറായിയെ ചെത്തുകാരന്റെ മകനെന്നു പറഞ്ഞ് ആക്ഷേപിച്ചപ്പോൾ താൻ ചെത്തുകാരന്റെ മകൻ തന്നെയാണെന്ന് ധൈര്യത്തോടെ പറഞ്ഞ പിണറായിയുടെ ഇമേജ് വർധിച്ചു വരുന്നത് അവരാരും മനസിലാക്കുന്നില്ലെന്നും വെള്ളാപ്പള്ളി പറഞ്ഞു. ഈഴവസമുദായത്തിൽ പെട്ടവർ കൂടുതലും തൊഴിലുറപ്പ് തൊഴിലാളികളാണ്. അതിനു മാറ്റമുണ്ടാകണം. ന്യൂനപക്ഷങ്ങൾക്കാണ് വാരിക്കോരി കൊടുക്കുന്നത്.

## ആഗോള അയ്യപ്പസംഗമം: ഏഴു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു, 3,500 പേർ പങ്കെടുക്കുമെന്ന് ദേവസ്വം മന്ത്രി

തിരുവനന്തപുരം: ആഗോള അയ്യപ്പ സംഗമത്തിന് ഏഴുകോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി ദേവസ്വം മന്ത്രി വി. എൻ. വാസവൻ. ഫണ്ട് സ്പോൺസർഷിപ്പ് വഴിയാണെന്നും ദേവസ്വം ബോർഡിനോ സർക്കാരിനോ ബാധ്യത വരില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. അയ്യപ്പസംഗമത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. പ്രധാന പന്തൽ പണി പൂർത്തിയായി. താമസ സൗകര്യം, യാത്രാ സൗകര്യം ഉൾപ്പടെ ക്രമീകരിച്ചിട്ടുണ്ട്. 3,500 പേർ പരമാവധി പങ്കെടുക്കും. അയ്യായിരത്തിലധികം രജിസ്ട്രേഷൻ വന്നിരുന്നു. അതിൽ മുമ്പ് വന്നിട്ടുള്ള ആളുകൾ, സംഘടനകൾ എന്നിങ്ങനെ മുൻഗണന വച്ചാണ് തീരുമാനിച്ചതെന്നും മന്ത്രി വ്യക്തമാക്കി. മാസ്റ്റർ പ്ലാൻ അടക്കം സംഗമത്തിൽ അവതരിപ്പിക്കും. അതിലും സ്പോൺസർമാരെ ഉൾപ്പടെ പ്രതീക്ഷിക്കുന്നുണ്ട്. എൻഎസ്എസ് വൈസ് പ്രസിഡൻറ്, എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി ഉൾപ്പടെ വിവിധ സംഘടനാ പ്രതിനിധികൾ പങ്കെടുക്കും. കേന്ദ്ര സർക്കാർ പ്രതിനിധികളെ ക്ഷണിച്ചിരുന്നുവെങ്കിലും വരുന്ന കാര്യത്തിൽ മറുപടി നൽകിയിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

## താൽപര്യപത്രം ക്ഷണിച്ചു

ഇ-റുപ്പി സംവിധാനത്തിലൂടെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി വികസന വകുപ്പ് താൽപര്യപത്രം ക്ഷണിച്ചു. സീൽ ചെയ്ത താൽപര്യപത്രം സെപ്റ്റംബർ 20 ന് വൈകുന്നേരം 3 നകം സമർപ്പിക്കണം. അന്നേ ദിവസം 3.30 ന് സീൽ ചെയ്ത താൽപര്യപത്രങ്ങൾ തുറക്കും. കൂടുതൽ വിവരങ്ങൾക്ക്: www.scdd.kerala.gov.in.